

# മലങ്കരസഭ

## മാസിക

1989 ഫെബ്രുവരി
ലക്കം 2 പുസ്തകം 44



പ. ഗീവറുഗീസ് ദ്വിതീയൻ ബാവാതിരുമനസ്സിലെ ചരമ രജതജൂബിലിസമ്മേളനം റമേനിയൻ പാത്രിയർക്കീസ് പ. തിയോററക്ററസ് തിരുമേനി ഉദ്ഘാടനം ചെയ്യുന്നു. ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ്, നിയുക്ത കാതോലിക്കോസ് മാത്യൂസ് മാർ കൂറിലോസ്, ബിഷപ്പ് എപ്പിപ്പാനി, പ. കാതോലിക്കാബാവാ എന്നീ തിരുമേനിമാരെയും ഡീ. മിഖായേൽ, എൻ. എസ്. എസ്. സെക്രട്ടറി പി. കെ. നാരായണപ്പണിക്കർ, സഭാസെക്രട്ടറി പോലം മത്തായി എന്നിവരെയും കാണാം.



TRUTH SHALL MAKE YOU FREE

ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിന് ഉപകാരസ്മരണ



P. K. Samuel & Family
Saudi Arabia

# മലങ്കര സഭ

10–2–1989

## വലിയ നോമ്പ്

### പ. ബാവാ തിരുമനസ്സിലെ കല്പന

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരൻമാരും ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.

നമ്മുടെ കർത്താവിൻെറ ഉയിർപ്പുപെരുനാൾ സമാഗതമാവുകയാണ്. ഈ വർഷം മാർച്ച് 26–ാം തീയതിയാണ് നാം അത് ആഘോഷിക്കുന്നത്. അതിലേക്ക് നമ്മെ ഒരുക്കുന്ന വലിയ നോമ്പ് ഈ വർഷം ഫെബ്രുവരി 6–ാം തീയതി ആരംഭിക്കുകയാണല്ലോ. അത് അർഹിക്കുന്ന ഗൗരവത്തോടും നിഷ്ഠയോടുംകൂടെ അനുഷ്ഠിക്കേണ്ടത് സഭാംഗങ്ങളായ നമ്മളേവരുടെയും ആത്മീയവളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്.

നാം ദൈവസംസർഗ്ഗത്തിൽ നിലനിൽക്കുന്നതിന് ശരീരത്തിൻെറയും മനസ്സിൻെറയും നിയന്ത്രണം ആവശ്യമാണെന്നുള്ളത് ദൈവം ആദാമിന് കൊടുത്ത കല്പനയിൽനിന്നും നാം മനസ്സിലാക്കുന്നുണ്ട്. നാല്പതു രാവും നാല്പതു പകലും മോശ സീനായി പർവ്വതത്തിൽ നോമ്പോടും ഉപവാസത്തോടുംകൂടി ദൈവസംസർഗ്ഗത്തിൽ കഴിച്ചുകൂട്ടി. കല്പലകകളുമായി സീനായി പർവ്വതത്തിൽ നിന്ന് ഇറങ്ങിവന്ന മോശയുടെ മുഖം പ്രകാശിച്ചിരുന്നത് മോശ അറിഞ്ഞിരുന്നില്ല. ഈ വലിയ നോമ്പിൽ നമ്മുടെ ഉപവാസത്തിലും പ്രാർത്ഥനയിലും കൂടിയുള്ള ദൈവസംസർഗ്ഗഫലമായി നമ്മുടെ മുഖവും മോശയുടെ മുഖം പോലെ പ്രകാശിതമായിത്തീരുവാൻ നമുക്ക് ശ്രമിക്കാം.

ഈ ലക്കത്തിൽ

വലിയനോമ്പ് പ. ബാവാ തിരുമനസ്സിലെ കല്പന.
ധ്യാനപംക്തി
പത്രോസ് മാർ ഒസ്താത്തിയോസ് മലങ്കരസഭയുടെ പ്രഥമ മിഷനറി
ഉത്തമ മാതൃകകളുടെ ഉടയവനായ ഊരിയാവ്
ബൈബിൾ നമേകോശം
സംശയങ്ങൾ ചോദിക്കുക
To Create new records
ദൈവ ഭവനം
ആദ്ധ്യാത്മിക ചൈതന്യം ഓളം വെട്ടിയ രജതജൂബിലിയാഘോഷം
70 തികഞ്ഞ ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ....
വാർത്തകൾ
ബൈബിൾ പഠനം

ശമുവേൽ പ്രവാചകനും യിസ്രായേൽ ജനങ്ങളും മിസ്പയിൽ ഒരുമിച്ചുകൂടി ഉപവസിച്ച് പ്രാർത്ഥിച്ചു തങ്ങളുടെ ശത്രുക്കളായിരുന്ന ഫെലിസ്ത്യരുടെ മേൽ വിജയം വരിച്ചതുപോലെ നമ്മുടെ ശത്രുവായ സാത്താൻ നമ്മിലേക്ക് തൊടുത്തുവിടുന്ന ദുഷ്പ്രേരണകളാകുന്ന തീയമ്പുകൾക്കെതിരായി വിജയം നേടുവാൻ നോമ്പും ഉപവാസവുമാകുന്ന വലിയ ആയുധം നാം കൈയ്യിലെടുക്കണം. മനസ്സ് മോഹങ്ങളിൽ നിന്നും ദുർവികാരങ്ങളിൽ നിന്നും തടയപ്പെടുന്നില്ലായെങ്കിൽ അപ്പത്തിൽനിന്നുള്ള ഉപവാസം വ്യർത്ഥമാകുന്നുവെന്ന് സഭാപിതാക്കന്മാർ നമ്മെ പഠിപ്പിക്കുന്നുണ്ടല്ലോ. വർദ്ധിച്ചുവന്ന ദുഷ്ടതയുടെ ശിക്ഷയായി നശിക്കാനിരുന്ന മഹാനഗരമായ നിനുവയിലെ ജനങ്ങൾ ഉപവസിച്ചു പ്രാർത്ഥിച്ച് ദൈവകോപത്തിൽനിന്നും വിടുതൽ പ്രാപിച്ചതുപോലെ ഇന്നു ലോകത്തിൽ നടമാടിക്കൊണ്ടിരിക്കുന്ന അസന്മാർഗ്ഗികതകൾക്ക് തക്ക ശിക്ഷ ദൈവം ലോകത്തിനു വിധിക്കാതെ ലോകത്തോട് കരുണ കാണിക്കുന്നതിനും, സന്മാർഗ്ഗ ജീവിതത്തിൽ ലോകം മുന്നേറുന്നതിനും വേണ്ടി ഈ വലിയ നോമ്പിൽ നാം ഉപവസിച്ച് പ്രാർത്ഥിക്കണം. പാപപരിഹാരാർത്ഥം ഉപവസിച്ച് പ്രാർത്ഥിച്ച് കണ്ണുനീരുകൊണ്ട് കട്ടിൽ നനയ്ക്കുകയും പാപത്തെ ഏററുപറയുകയും ചെയ്ത ദാവീദിനെപ്പോലെ നമ്മുടെ പാപങ്ങളെക്കുറിച്ച് അനുതപിക്കുന്ന ഒരു ഹൃദയം നമുക്ക് തരുവാനും സത്യകുമ്പസാരത്തിൽകൂടി പാപമോചനം നേടുവാൻ കൃപയുണ്ടാകുവാനും ഈ നോമ്പിൽ നാം ദൈവത്തോട് അപേക്ഷിക്കണം. നെഹമ്യാവിൻെറ ഉപവാസത്താലും പ്രാർത്ഥനയാലും ഇടിഞ്ഞുകിടന്നിരുന്ന യേരുശലേമിൻെറ മതിലുകൾ പണിയുവാൻ സാധിച്ചതുപോലെ ക്രിസ്തുവിൻെറ വേലക്കാരായ നാം ഉണർന്നെഴുന്നേററ് സഭയുടെ ഭിത്തിയെ ബലവത്തായി പണിയുവാൻ ഈ നോമ്പിലൂടെ സ്വർഗ്ഗീയശക്തി പ്രാപിക്കാം. നമ്മുടെ ശരീരം ദേവാലയവും ഹൃദയം ശുദ്ധസ്ഥലവുമായിരിക്കണം. ദുഷ്ടനായ ഹാമാൻെറ കുതന്ത്രത്താൽ അഹശെവരോശ് രാജാവിൻെറ കല്പനമൂലം വരുവാനിരുന്ന വംശനാശത്തിൽനിന്നും എസ്ഥേറും എല്ലാ യഹൂദന്മാരും ഉപവാസംമൂലം രക്ഷപെട്ടതുപോലെ സഭയുടെ വിശ്വാസത്തിന് തുരങ്കം വയ്ക്കുന്ന ദുഷ്ട മനുഷ്യരുടെ കെണികളിൽനിന്നും വിജയം പ്രാപിക്കുവാൻ ഈ നോമ്പ് നമുക്ക് പ്രയോജനപ്പെടണം. പ്രാർത്ഥനയിലും ഉപവാസത്തിലുംകൂടെ ശക്തിയാർജ്ജിച്ച ദാനിയേലിനു വേണ്ടി ദൈവം സിംഹങ്ങളുടെ വായടച്ചുകളഞ്ഞതുപോലെ ദൈവവിശ്വാസത്തിനെതിരായി ഉയരുന്ന ആനുകാലിക വെല്ലുവിളികളാകുന്ന സിംഹങ്ങളുടെ വായടച്ചുകളയുവാൻതക്ക ശക്തി നോമ്പുമൂലം നമുക്കും ആർജ്ജിക്കാം. വീഞ്ഞും മാംസാഹാരവും ഉപയോഗിച്ചവരേക്കാൾ സസ്യാഹാരത്തിൽ വളർന്നവരായ ശദ്രക്ക്, മേശക്ക്, അബേദനെഗോ എന്നിവർ ദൈവകൃപയാൽ കൂടുതൽ അഴകുള്ളവരും മാംസപുഷ്ടിയുള്ളവരും സകല വിദ്യയിലും ജ്ഞാനത്തിലും നിപുണതയുള്ളവരും ആയിതീർന്നതുപോലെ ആത്മീയജ്ഞാനത്തിലും വളർച്ചയിലും സംപുഷ്ടരാകുവാൻ നോമ്പ് നമ്മെ സഹായിക്കും. പ്രാർത്ഥനയാലും ഉപവാസത്താലും ദുഷ്ടനെ ജയിക്കുവാൻ സാദ്ധ്യമാണെന്ന് നാല്പതു രാവും നാല്പതു പകലും ഉപവസിച്ച് കർത്താവ് നമുക്ക് കാണിച്ചുതന്നിട്ടുണ്ട്. നമ്മുടെ പൂർവ്വപിതാക്കന്മാരും ശക്തിയാർജ്ജിച്ചിട്ടുള്ളത് നോമ്പാലും ഉപവാസത്താലുമാണെന്ന് നിങ്ങൾക്കറിവുള്ളതാണല്ലോ. അതുപോലെ തിന്മയുടെ കെണികളിൽ നിന്ന് രക്ഷനേടുവാനുള്ള ദൈവികശക്തി നമുക്ക് ലഭിക്കുവാൻ ഈ വലിയ നോമ്പ് നമുക്ക് ഉപയുക്തമാകട്ടെ.



ധ്യാന പംക്തി

# ആത്മീയ യുദ്ധക്കളത്തിലെ 'പാററൺ ടാങ്ക്' നന്മയാൽ തിന്മയെ ജയിക്കുന്ന ദിവ്യശക്തി

ബർകുറിയാ

ബർകുറിയാ: കഴിഞ്ഞ ധ്യാനത്തിലെ പ്രാർത്ഥനകൾക്ക് മറുപടി തന്നുകൊണ്ടിരിക്കുന്ന കരുണയുള്ള കർത്താവിനെ സ്തുതിക്കുന്നു. സ്വർഗ്ഗസീയോനിലേക്ക് യാത്രചെയ്യുന്ന എൻെറ ജീവവണ്ടിയെ നയിക്കുന്ന യേശുവിന് സ്തോത്രം. എൻെറ ജീവവണ്ടിയെ പുറകോട്ടു പിടിക്കുന്ന തിന്മയുടെ ശക്തിയെ അതിജീവിച്ചുകൊണ്ട് നന്മയുടെ ശക്തി ഉൾക്കൊള്ളുവാൻ വാഞ്ഛിക്കുന്ന ബലഹീനനായ എന്നെ അവിടുന്ന് ശക്തീകരിക്കേണമെ. മോഹങ്ങൾകൊണ്ട് ശക്തി നഷ്ടപ്പെട്ട ആത്മീയ ബാററികൾ ധ്യാനനിലയത്തിലെ ശക്തികേന്ദ്രത്തിൽ ഏല്പിച്ചുകൊണ്ട് എൻെറ ജീവവണ്ടിയുടെ കേടുപാടുകൾ പോക്കുവാൻ എന്നെത്തന്നെ സമർപ്പിക്കട്ടെ. ഈ ധ്യാനത്തോടൊപ്പം പരിശുദ്ധാത്മാവാകുന്ന ഇന്ധനം നിറച്ച് തളർന്നുപോകാതെ ഓടുവാൻ എന്നെ സഹായിക്കണമെ (യെശയ്യാവ് 40:30, 31). ഈ ലോകമാകുന്ന യുദ്ധക്കളത്തിലെ തിന്മയ്ക്കെതിരായി പോരാടി മുന്നേറുന്ന ഒരു 'പാററൺ ടാങ്കായി' എന്നെ രൂപാന്തരപ്പെടുത്തണമേ (എഫേ. 6:10–18).

യേശു: നിൻെറ നല്ല ആഗ്രഹങ്ങൾ ഉൾക്കൊള്ളുന്ന ഈ പ്രാർത്ഥന എന്നെ വളരെ സന്തോഷിപ്പിച്ചിരിക്കുന്നു. നന്മയാൽ തിന്മയെ ജയിക്കുന്ന ദിവ്യശക്തി നിനക്കു ലഭിച്ചുകഴിയുമ്പോൾ നിൻെറ പ്രാർത്ഥനകൾക്ക് മറുപടി ലഭിക്കും. തിന്മ തള്ളി നന്മ തിരഞ്ഞെടുക്കുവാൻ പ്രായമാകുംവരെ ഞാൻ തൈരും തേനുംകൊണ്ട്

---

ആകയാൽ നമ്മുടെ വാൽസല്യ മക്കളെ ഈ വലിയ നോമ്പു കാലത്ത് ആ ഇടവകയിൽപ്പെട്ട എല്ലാ ആളുകളും വി. കുമ്പസാരം നടത്തി വി. കുർബാന അനുഭവിക്കണം. ആയതിനുവേണ്ടി പ്രത്യേകം ധ്യാനയോഗങ്ങളും മററും ക്രമീകരിക്കണം. നിലങ്ങൾ കൃഷിക്കാരുടെ പിന്നാലെ പോകുന്നില്ല. പിന്നെയോ കൃഷിക്കാർ തന്നെ വിത്തിനെ വഹിച്ചുകൊണ്ട് കൃഷിസ്ഥലത്തേക്ക് ചെന്ന് വിത്തു വിതയ്ക്കുകയും വളമിടുകയുമാണ് ചെയ്യുന്നത്. ഇതുപോലെ നമുക്ക് ചുററും വസിക്കുന്ന ആളുകളുടെ ലൗകികവും ആത്മീയവുമായ ആവശ്യങ്ങളെ കണ്ടറിഞ്ഞ് സഹായിക്കുവാൻ നാം ബദ്ധശ്രദ്ധരാകണം.

വലിയ നോമ്പിലെ മുപ്പത്താറാം ഞായറാഴ്ച (മാർച്ച് 12–ാം തീയതി) മുൻപതിവുപോലെ സഭാദിനമായി ആചരിക്കണം. അതിനോടനുബന്ധിച്ചുള്ള എല്ലാ പരിപാടികളും വിജയിപ്പിക്കുവാൻ നിങ്ങളേവരും പരമാവധി ശ്രദ്ധിക്കുകയും വേണം.

സർവ്വശക്തനായ ദൈവത്തിൻെറ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിൻെറയും ഇൻഡ്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടെയും ശേഷം സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

1989 ജനുവരി 12–ാം തീയതി കോട്ടയം കാതോലിക്കേററ് അരമനയിൽ നിന്ന്.

ക്കുറിച്ചു സഖറിയാ പുരോഹിതനെ അറിയിച്ചു; കന്യക മറിയാമിനെ അഭിസംബോധന ചെയ്തു ലോകരക്ഷകനായ യേശുവിന്റെ ജനനം അവളിൽ കൂടെ നടക്കുമെന്നറിയിച്ചു. (ദാനിയേൽ 8: 15–17; ലൂക്കോസ് 1:11–22; 26–38)

## ഗമാലിയേൽ N. T.

പൗലോസിന്റെ ഗുരുവായ ഒരു പ്രസിദ്ധ യഹൂദ ധർമ്മോപദേഷ്ടാവ്, യഹൂദ ന്യായാധിപ സംഘത്തിലെ അംഗമായിരുന്നു. എല്ലാവരാലും ബഹുമാനിക്കപ്പെട്ടിരുന്ന നിയമ പണ്ഡിതനായ ഒരു പരീശൻ. (അപ്പോ. 5: 34; 22: 3)

## ഗലാത്യർ N. T.

ഏഷ്യാ മൈനറിലെ ഒരു ഡിസ്ട്രിക്കായ ഗലാത്യയിൽ ജീവിച്ചിരുന്ന ആളുകൾ. പൗലോസിന്റെ ലേഖനങ്ങളിൽ ഒന്ന് ഇവർക്കായി എഴുതപ്പെട്ടിട്ടുള്ളതാണ്.

## ഗല്ലിയോൻ N. T.

പൗലോസിന്റെ കാലത്ത് അഖായയിലെ ദേശാധിപതി (അപ്പോ. 18: 12)

ലുള്ള ദൈവവിളി, രോമമുള്ള ആട്ടിൻതോൽ കൊണ്ടുള്ള അതിശയം, 300 പേരുമായി രാത്രിയുടെ മദ്ധ്യയാമത്തിൽ പെട്ടെന്ന് ആക്രമം നടത്തി മിദിയാന്യരെ തോല്പിച്ചത്—ഇക്കാരണങ്ങളാൽ അവൻ പ്രത്യേകം സ്മരിക്കപ്പെടുന്നു. എബ്രായ ലേഖന കർത്താവ് അവനെ ഒരു വലിയ വിശ്വാസ വീരനായി ചിത്രീകരിക്കുന്നു. (ന്യായാധിപന്മാർ 6: 36–40; 7: 2–23; എബ്രായർ 11:32)

## ഗിബയോന്യർ O. T.

ഹിവ്യരുടെ പ്രധാന പട്ടണമായ ഗിബെയോനിൽ അധിവസിച്ചിരുന്നവർ. (2 ശമുവേൽ 21: 1)

## ഗേഹസി O. T.

ഏലീശായുടെ ബാല്യക്കാരൻ. നയമാന്റെ കുഷ്ഠം ഏലീശ സൗഖ്യമാക്കിയതിനു പ്രതിഫലമായി നയമാനോട് പണവും വസ്ത്രവും ചോദിച്ചു വാങ്ങിയതിനാൽ ഇയാൾ കുഷ്ഠം ബാധിച്ചവനായിത്തീർന്നു. (2 രാജാ. 5)

## ഗോല്യാത്ത് O. T.

i) ദാവീദിനാൽ കൊല്ലപ്പെട്ട മല്ലനായ ഫെലിസ്ത്യൻ. 9 അടി 9 ഇഞ്ച് ഉയരം. അവൻ ഇസ്രായേൽ സൈന്യത്തെ നിന്ദിക്കുന്നതു കേട്ടപ്പോൾ ദാവീദ് അവന്റെ വെല്ലുവിളിയെ സ്വീകരിച്ച് യഹോവയുടെ ശക്തിയും കല്ലും കവിണയും ആയുധമായി ധരിച്ച് അവനെ നേരിട്ട് തോല്പിച്ചു കൊന്നു (1 ശമുവേൽ 17).

ii) ഗോബിൽവച്ചു നടന്ന ഫെലിസ്ത്യരുമായുള്ള യുദ്ധത്തിൽ ബേത്ലഹേമ്യനായ എൽഹാനാലാൽ വെട്ടിക്കൊല്ലപ്പെട്ട ഗിത്യനായ ഗോല്യാത്ത്. അവന്റെ കുന്തത്തണ്ട് നെയ്ത്തുകാരുടെ പടപ്പുതടിപോലെ ആയിരുന്നു (2 ശമു. 21:29).

ഫാ. ഡാനിയേൽ എൻ. വറുഗീസ്,
എം. എ., ബി. എഡ്., എം. ററി. എച്ച്.

## ഗാദ് O. T.

യാക്കോബിന് സില്പായിൽകൂടെ ജനിച്ച മകൻ ഇവൻ യിസ്രായേല്യരുടെ പന്ത്രണ്ടു ഗോത്രങ്ങളുടെ നേതാക്കന്മാരിൽ ഒരാളായിത്തീർന്നു (ഉല്പത്തി 30: 10, 11)

## ഗായോസ് N. T.

പൗലോസിന്റെ കൂട്ടുയാത്രക്കാരനായ ഒരു മക്കദോന്യൻ പുതിയ മാർഗ്ഗത്തെച്ചൊല്ലി എഫെസോസിൽ കലഹമുണ്ടായപ്പോൾ ഇയാളെ അരിസ്തർഹോസിനോടു കൂടെ കലഹ സ്ഥലത്തേക്കു പിടിച്ചു വലിച്ചുകൊണ്ടു വന്നു.

(അപ്പോ. 19: 29)

## ഗിത്യർ O. T.

ദാവീദ് യെരുശലേമിൽ നിന്നും ഓടിപ്പോകുമ്പോൾ തന്നോടുകൂടെ പോയ ഗത്തിൽനിന്നുമുള്ള 600 പേർ. ഇവരുടെ നേതാവ് ഗിത്യനായ ഇത്ഥായി ആയിരുന്നു (2 ശമുവേൽ 15;18–21)

## ഗിദയോൻ O. T.

യിസ്രായേല്യരുടെ ഒരു വലിയ രക്ഷകനും ന്യായാധിപതിയും. അസാധാരണമായ വിധത്തി

## തദ്ദായി N. T.

പന്ത്രണ്ട് അപ്പസ്തോലന്മാരിൽ ഒരുവൻ. ലൂക്കോസിന്റെ സുവിശേഷത്തിൽ ഇയാളെ യാക്കോബിന്റെ സഹോദരനായ യൂദാ എന്നു രേഖപ്പെടുത്തിയിരിക്കുന്നു (മത്തായി 10:3; മർക്കോസ് 3:18; ലൂക്കോസ് 6:16).

## തബീഥാ N. T.

യോപ്പയിൽ ജീവിച്ചിരുന്ന ഒരു ക്രൈസ്തവ സ്ത്രീ. പേരിന്റെ അർത്ഥം 'പേടമാൻ' (Dorcas). സൽപ്രവർത്തികളും ധർമ്മങ്ങളും ചെയ്തുപോന്ന ഇവൾ മരിച്ചപ്പോൾ അവിടെയുള്ളവർ രണ്ടാളുകളെ ആ സമയം യോപ്പയുടെ സമീപമുള്ള ലുദ്ദയിലുണ്ടായിരുന്ന പത്രോസിന്റെ അടുക്കലേക്കയച്ചു വിവരം അറിയിക്കുകയും, പത്രോസ് അവിടെയെത്തി മുട്ടുകുത്തി പ്രാർത്ഥിച്ച് അവളുടെ ജീവൻ വീണ്ടെടുത്ത് മഹാ അതിശയം അവിടെ കാണിക്കുകയും ചെയ്തു (അപ്പോ. 9:36–43).

## തമ്മൂസ് O. T.

ബാബിലോന്യർ ആരാധിച്ചിരുന്ന ഒരു ദേവൻ. ഗ്രീക്ക് ദേവതാഖ്യാനത്തിൽ തമ്മൂസിനെ അഡോണിസുമായി സമീകരിക്കുന്നു (യെഹെസ്കേൽ 8:14).

## തർത്തക്ക് O. T.

കഴുതയുടെ ആകൃതിയിലുള്ള ഒരു വിഗ്രഹം. ശമര്യയിലെ അവ്വക്കാർ ഇതിനെ ആരാധിച്ചിരുന്നു (2 രാജാക്കന്മാർ 17;31)

## താഫത്ത് O. T.

ശലോമോന്റെ പുത്രി. ബെൻ–അബീനാദാബിനെ വിവാഹം കഴിച്ചു (1 രാജാ 4:11)

## താമാർ O. T. & N. T.

i) യഹൂദായ്ക്ക് ഒരു കനാന്യനായ ശൂവയുടെ മകളിൽകൂടെ ജനിച്ച ആദ്യപുത്രനായ ഏരിന്റെ ഭാര്യ. മക്കളില്ലാതെ ഏർ മരിച്ചശേഷം താമാർ മുഖമൂടി ധരിച്ച് അമ്മായപ്പനായ യഹൂദയെ വശീകരിച്ച് അവനിൽകൂടെ ഗർഭിണിയായി. ആ ഗർഭത്തിൽ ഉണ്ടായ രണ്ട് ആൺമക്കളുടെ പേർ പേരെസ്സ്, സേരഹ് (ഉല്പത്തി 38; മത്തായി 1:3)

ii) ദാവീദിന്റെ പുത്രി. അബ്ശാലോമിന്റെ സഹോദരി. അസാധാരണ സൗന്ദര്യവതി (2 ശമു. 13:1–32)

## തിഗ്ലത്ത്–പിലേസർ O. T.

B. C. 745 മുതൽ 727 വരെ ഭരിച്ചിരുന്ന ശക്തനായ അശ്ശൂർ രാജാവ്. അശ്ശൂർ സാമ്രാജ്യത്തെ മഹത്വത്തിന്റെ ഉച്ചകോടിയിലെത്തിച്ചു (2 രാജാ. 16:10; 15:29).



# ? സംശയങ്ങൾ ചോദിക്കുക

## ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ

13. വി. കുർബാനയുടെ പ്രധാന ഭാഗമായ പീലാസ ഉയർത്തി ആചാര്യൻ ആഘോഷിക്കുന്നേരം നടത്തുമ്പോൾ ജനങ്ങൾ ചൊല്ലുന്നു:

പരിശുദ്ധനായ ഏക പിതാവും
പരിശുദ്ധനായ ഏക പുത്രനും,
പരിശുദ്ധനായ ഏക റൂഹായും

അല്ലാതെ പരിശുദ്ധൻ ഇല്ല ആമ്മീൻ. കൂടാതെ വി. വേദപുസ്തകത്തിലും യഹോവയായ ദൈവം പരിശുദ്ധൻ എന്ന് മാലാഖമാർ പാടുന്നതായി സാക്ഷിക്കുന്നു. ആ സ്ഥിതിയിൽ ശ്ലീഹന്മാരെയും, അറിയിപ്പുകാരെയും, സഹദേന്മാരെയും, നീതിമാന്മാരേയും നിദ്രപ്രാപിച്ചിട്ടുള്ള പിതാക്കന്മാരേയും വിശുദ്ധന്മാർ എന്നുള്ള പദമല്ലേ ഉപയോഗിക്കുന്നത് നല്ലത്?

പി. എം. ജോർജ് എം. പി.

അവരെല്ലാം പരിശുദ്ധന്മാരാക്കപ്പെട്ടവരാണ്. ത്രിത്വസമാനന്മാരല്ല.

14. ഇരുപതാം നൂററാണ്ടിൽ ക്രിസ്തീയ പുസ്തകങ്ങളിലും മാസികകളിലും ഇൻഡ്യയിലുള്ള ക്രിസ്ത്യാനികളെ സെ. തോമസ് ക്രിസ്ത്യാനികൾ എന്നു നാമകരണം ചെയ്യുന്നു. സെ. തോമസ് ക്രിസ്ത്യാനികൾ എന്ന പേര് വി. വേദപുസ്തകത്തിലുണ്ടോ? (Do)

സെന്റ് തോമസ് ക്രിസ്ത്യാനികളെന്നോ, പ്രോട്ടസ്ററന്റ് ക്രിസ്ത്യാനികളെന്നോ റോമൻ കത്തോലിക്കാ ക്രിസ്ത്യാനികൾ എന്നോ വി. വേദപുസ്തകത്തിൽ ഇല്ല. പരിശുദ്ധാത്മാവ് പുതിയ പേരിലേക്കും സത്യത്തിലേക്കും നയിക്കുന്നു (യോഹ. 16:13).

15. അരുമനാഥനായ മ്ശിഹാതമ്പുരാന്റെ ശിഷ്യന്മാരും അറിയിപ്പുകാരും സുവിശേഷ പ്രസംഗങ്ങൾ നടത്തി കോടിജനതയെ ക്രിസ്ത്യാനികളാക്കി അങ്ങിനെയെങ്കിൽ എല്ലാ ശ്ലീഹന്മാ

രുടെയും അറിയിപ്പുകാരുടെയും പേരിൽ ക്രിസ്ത്യാനികൾ ഉണ്ടോ?

ഹിന്ദുക്കളുടെ വിഭാഗത്തിൽ ഈഴവൻ, പറയൻ, പുലയൻ, തട്ടാൻ, കൊല്ലൻ, ആശാരി ആദിയായ അനവധി ഹിന്ദുക്കൾ ഉണ്ട്. ഹിന്ദുക്കളുടെ തരത്തിലുള്ളതുപോലെ സെ. തോമസ് ക്രിസ്ത്യാനികൾ ഏതു ഗണത്തിൽ ഉൾപ്പെടുന്നു? (Do)

സെ. തോമസ് ക്രിസ്ത്യാനികൾ ഓർത്തഡോക്സ് സഭകളിൽ പെട്ടിരിക്കുന്നു. കുറെ പേർ കാത്തോലിക്കാ സഭയിലും ചിലർ പ്രോട്ടസ്റ്റന്റു സഭകളിലും ഉണ്ട്. ഏവരും ഒന്നാകാൻ പ്രാർത്ഥിക്കണം (യോഹ. 17:22).

16. പാത്രിയർക്കീസ് സഭ എന്ന നാമത്തിൽ സഭയുണ്ടോ? നമ്മുടെ സഭയും ഈ സഭയുമായി ആരാധനയിലും വി. കുർബാനയിലും വി. കൂദാശകളിലും വ്യത്യാസങ്ങൾ ഉണ്ടോ? (Do)

'പാത്രിയർക്കീസ് സഭ' എന്നൊരു സഭയില്ല. ചില ഓർത്തഡോക്സ് സഭകളുടെ തലവന്മാരെ പാത്രിയർക്കീസ് എന്നും, റോമൻ കത്തോലിക്കാ സഭാതലവനെ പാപ്പായെന്നും അർമീനിയൻ, ഇൻഡ്യൻ സഭാതലവനെ കാതോലിക്കാ എന്നും ആംഗ്ലിക്കൻ സഭാതലവനെ ആർച്ചുബിഷോപ്പ് എന്നും വിളിക്കുന്നു.

17. യരുശലേമിൽ കൃംത്യാ പള്ളിയിൽ (വി. മർക്കോസിന്റെ മേറായിൽ) നമ്മുടെ സഭയുടെ പ്രതിനിധിയായി ആരെങ്കിലും ഉണ്ടോ? (Do)

മർക്കോസിന്റെ മേറാ സിറിയൻ ഓർത്തഡോക്സ് സഭയുടെ കൈവശമാണ്. അവിടെ നമ്മുടെ സഭയിലെ വൈദികർ വി. കുർബാന അർപ്പിച്ചിട്ടുണ്ട്.

18. വിശ്വാസപ്രമാണത്തിലുള്ള നിക്യാ, കുസ്തന്തീനോപ്പോലീസ്, എപ്പേസോസ് എന്നീ വി. സുന്നഹദോസുകളിൽ നമ്മുടെ സഭയുടെ വി. പിതാക്കന്മാർ സംബന്ധിച്ചിട്ടുണ്ടോ? (Do)

വിശ്വാസപ്രമാണത്തിൽ ഈ മൂന്നു സുന്നഹദോസുകളെക്കുറിച്ചു പറയുന്നില്ല. അഞ്ചാം തുബ്ദേനിൽ പറയുന്നുമുണ്ട്. അന്നു സഭകൾ ഇന്നത്തെപ്പോലെ വലുതായിട്ടില്ലായിരുന്നതിനാൽ നമ്മുടെ പിതാക്കന്മാരും സംബന്ധിച്ചു എന്നു പറയാം.

19. മലങ്കരസഭയുടെ മഹാ പരിശുദ്ധനായ പരിശുദ്ധ പരുമല തിരുമേനി ഏതു പിതാവിൽനിന്നാണ് തിരുമേനി പട്ടത്തെ അലങ്കരിച്ചത്? (Do)

പരുമല തിരുമേനിക്ക് മെത്രാൻ പട്ടം കൊടുത്തത് പറവൂർ പള്ളിയിൽവച്ച് അന്ത്യോഖ്യൻ പാത്രിയർക്കീസ് മോറാൻ മാർ പത്രോസ് ആയിരുന്നു. 1877 ഡിസംബർ 10-ാം തീയതി യാക്കോബുർദ്ദാനായുടെ പെരുന്നാൾ ദിവസമായിരുന്നു പട്ടമേററത്.

20. A. D. 1959 വരെ യാക്കോബായ സഭ എന്നു പറഞ്ഞുവന്ന സഭ ഇപ്പോഴും ഉണ്ടോ? (Do)

1959 വരെ യാക്കോബായ സഭ എന്നു തെററായി വിളിക്കപ്പെട്ട സഭ തന്നെയാണ് മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് എന്ന് ഇന്നു വിളിക്കപ്പെടുന്ന നമ്മുടെ സഭ, പാത്രിയർക്കീസ് വിഭാഗം ഇന്നും യാക്കോബായ ഓർത്തഡോക്സ് എന്ന രണ്ടു പേരും സ്വീകരിക്കുന്നു യാക്കോബ് ബുർദാനായുടെ പിൻഗാമികൾ എന്നു മററുള്ളവർ 6-ാം നൂറെറാണ്ടു മുതൽ നമ്മുടെ സഭയെ കളിയാക്കിയിട്ട പേരാണ് യാക്കോബായക്കാർ എന്നത്. നാം ഒന്നാം നൂററാണ്ടു മുതൽ ഉള്ള ഓർത്തഡോക്സ് സഭയാണ്.

21. A. D. 451-ലെ കൽക്കദോൻ സുന്നഹദോസിനുശേഷം വേർപെട്ടുനിന്ന റോമ്മാസഭയും ആയിട്ട് ഇപ്പോൾ ബന്ധം വി. സഭ പുലർത്തുന്നുണ്ടോ? (Do)

451-ൽ കൂടിയ കൽക്കിദോന്യ സുന്നഹദോസ് സ്വീകരിക്കുന്നവരാണ് ബൈസന്റൈൻ ഓർത്തഡോക്സു സഭകളും റോമൻ കത്തോലിക്കരും. ഇരുകൂട്ടരുമായും നമുക്ക് വി. കുർബാന ഐക്യം ഇല്ലെങ്കിലും പരസ്പര സ്വീകരണവും ഐക്യത്തിനായുള്ള സംഭാഷണങ്ങളും ഉണ്ട്.

22. റോമ്മാസഭയുടെ ആരാധനകളിൽ വി. കുർബാനയിൽ പങ്കെടുക്കുന്നതിന് വി. സഭ സുന്നഹദോസ് മുഖേന അനുവദിച്ചിട്ടുണ്ടോ? (Do)

റോമാസഭയുമായി വി. കുർബാന സംബന്ധം നമ്മുടെ പ. സുന്നഹദോസ് അനുവദിച്ചിട്ടില്ല.

23. യഹോവയായ ദൈവം അഗ്നികൊണ്ടു നശിപ്പിക്കപ്പെട്ട സോദോമും ഗോമോറയും ഇപ്പോൾ ഏതവസ്ഥയിൽ സ്ഥിതിചെയ്യുന്നു? (Do)

സോദോം ഗൊമോറാ ഇന്നു ചാവുകടലാണ് അവിടെ മൽസ്യങ്ങൾ വളരുകയില്ല. പലസ്തീന്റെ പടം നോക്കിയാൽ തെക്കുകിഴക്കായി കാണാം.



# To Create new records

Dn, SAJI MATHEW

The whole world closely followed the events at the Seoul olympics. It was an unmatched event, the sort of which the world has never witnessed before. Especially all eyes were set on, the would be 'Spirit King and Queen'. Carel Lewis the existing champion still in high spirits to claim the much coveted event, hoped to break the existing record. But contrary to all expectations, Ben Johnson clinched the title breaking the world record. Carl Lewis could not believe his eyes. There is someone running

24. ശുദ്ധിമതിയായ മർത്തമറിയാം അമ്മയുടെ കബറിടം എവിടെയാണ് സ്ഥിതിചെയ്യുന്നത്. (Do)

യറുശലേമിൽ പോകുന്നവർ കർത്താവിന്റെ കബർ ദേവാലയം പോലെ കന്യാസ്ത്രീയമ്മയുടെ വി. കബറിടവും സന്ദർശിക്കാറുണ്ട്.

25. വി. അപ്പോസ്തലപ്രവർത്തികൾ 14 അ. 26-ാം വാക്യത്തിൽ 'അവിടെനിന്നും കപ്പൽ കയറി അന്ത്യോഖ്യയിലേക്ക് പോയി. തങ്ങൾ നിവർത്തിച്ച വേലക്കായി ദൈവകൃപയിൽ അവരെ ഭരമേല്പിച്ചയച്ചത് അവിടെനിന്ന് ആയിരുന്നുവല്ലോ' ഇങ്ങിനെ വി. വേദപുസ്തകം സാക്ഷിക്കുന്ന ഈ അന്ത്യോഖ്യക്ക് വി. സഭ (നമ്മുടെ സഭ) പ്രാധാന്യം നൽകുന്നുണ്ടോ? (Do)

അ. പ്ര 14:26-ൽ പറയുന്ന അന്ത്യോഖ്യയ്ക്ക് നമ്മുടെ സഭയല്ല, എല്ലാ സഭകളും പ്രാധാന്യം നൽകുന്നുണ്ട്. അവിടെവച്ചാണ് 'ക്രിസ്ത്യാനികൾ' എന്ന പേർ ആദ്യമുണ്ടായത് (അ. പ്ര. 11:26). സിറിയൻ സഭാ പാത്രിയർക്കീസിന്റെ അരമന അവിടെയായിരുന്നു. ഇപ്പോൾ ദമസ്ക്കോസിലേക്കു മാററിയിരിക്കുന്നു.

26. സെന്റ് അന്തോണിയോസ്, സെന്റ് സെബാസ്ത്യനോസ് പിതാക്കന്മാരെ വി. സഭ പരിശുദ്ധന്മാരായി സ്വീകരിച്ചിട്ടുണ്ടോ? (Do)

സെന്റ് ആൻറണിയാണ് അന്തോണിയോസ്, സെബാസ്ത്യനോസും പരിശുദ്ധനാണ്. പാശ്ചാത്യസഭ മാത്രമല്ല മററു സഭകളും അവരെ പരിശുദ്ധന്മാരായി അംഗീകരിക്കുന്നു. സന്യാസിപ്രസ്ഥാനത്തിന്റെ ഒരു മുന്നണിപ്പടയാളിയാണ് അന്തോണിയോസ്.

27. നമ്മുടെ കർത്താവ് ക്രൂശിന്മേൽവെച്ച് മനുഷ്യവർഗ്ഗത്തിനുവേണ്ടി നൽകിതന്ന ഏഴു മൊഴികളെ സാദൃശ്യപ്പെടുത്തിയാകുന്നുവോ വി. സഭ ഏഴു കൂദാശകൾ നിയമിച്ചിട്ടുള്ളത്? (Do)

ഏഴു കൂദാശകൾ ക്രൂശിലെ ഏഴു മൊഴികളെ സാദൃശ്യപ്പെടുത്തിയല്ല. ഏഴു പൂർണ്ണതയുടെ നമ്പരാണ്. രണ്ടും പൂർണ്ണതയെ സൂചിപ്പിക്കുന്നു.

28. പെരുന്നാളിന് കൊടിയും സ്ലീബായും എടുത്ത് പള്ളിക്കു ചുററും, ചിലപ്പോൾ പട്ടണവീഥികളിൽ കൂടിയും നടത്താറുള്ള പ്രദക്ഷിണത്തെ–റാസ, കൊടിയും സ്ലീബായും എടുക്കൽ, Holy Cross procession എന്നിവയിൽ ഏതു പദമാണ് അനുയോജ്യമായത്. പ്രസ്തുത പദപ്രയോഗങ്ങളുടെ വിശദീകരണം നൽകാമോ?

പി. എസ്. ഡേവിഡ്

പെരുനാളിനു നടത്തുന്ന റാസായ്ക്ക് പ്രദക്ഷിണം എന്ന അർത്ഥമാണ് സാധാരണ കൊടുക്കുന്നത്. എന്നാൽ 'റാസാ' രഹസ്യം എന്ന വാക്കാണ്. വി. കുർബാനയാകുന്ന രഹസ്യം അരുളിക്കായ്ക്കകത്തുവച്ചുകൊണ്ട് പ്രദക്ഷിണം നടത്തിയിരുന്നതിനാലായിരിക്കണം ആ പദം സ്ഥിരപ്രതിഷ്ഠമായത്. കർത്താവിന്റെ കുരിശാണ് ഇന്നു റാസയിൽ ഏററം പ്രധാനമായി വഹിക്കുന്നത്. ക്രൂശിന്റെ സാക്ഷ്യമായി റാസയെ കണക്കാക്കണം. മദ്യപിച്ചുകൊണ്ട് റാസയിൽ പങ്കെടുക്കുന്നത് സഭ വിലക്കിയിരിക്കുന്നു മദ്യപാനം മററവസരങ്ങളിലും വിലക്കിയിരിക്കുന്നു.

—o—

behind him', Lewis exclaimed and this statement proved to be true within twenty-four hours of the crowning of the sprint king. The dope test brought out the culprit. Ben Johnson dethroned and banished away from the athletic arena due to the dubions means which he employed. . It is now believed that Johnson used to take 'stimulants' on earlier occasions also. What a pathetic fall from such great heights for the top ranking athlete of the world. In the following days quite a few other medal winning atheletes were also disqualified and 'dethroned' on the findings of the dope test. The premier world atheletic fete got shrowded in disgrace by the actions of the very men who should have helped its flags fluttering the world over indignity.

Let us have a look at the political arena. The early 70's witnessed the unravelling of the 'watergate scandal'. Thanks to the meticulous functioning of the judiciary in America, the heinous methods employed by Richard Nixton in the run for Presidency, the most coveted position of becoming the 'First Man' in the world, was brought out before the public.

The politicians think that only their elevation to the office, would usherin a welfare state. And in the race for the 'posts', for creating 'new records' in the annals of history, all norms are thrown to the winds:

Have a look at our beloved Prime Minister the leader of our nation professed for service. His way of 'creating records' the Prime Minister driving the vehicle by himself hits the head lines. During his tour of the villages, seeing the huge crowds, the PM breaking the security cordon (much to the charging of the security men) and walking into their midst is another 'event'. (not necessarily out of sympathy for the people)

Now a glance into the ecclesiastical front. The present 'generous' Pope is out to create lasting records. So far he has made 318 canonizations, surpassing all the earlier Popes.

In our own church, venerable priests of around middle age (putting in such hard service for such a long time) find it somewhat uncomfortable to remain any longer as ordinary priests. So they find it expedient to append some 'title' to them. The result is the current 'stepping up splee' of both married and unmarried priests by adorning new titles or 'laying down' themselves for new professions. If this 'stepping up spree' goes on like this for quite some more time, it is likely to create 'a new record' whereby the new 'title holders' will probably outnumber the ordinary priests.

Is this phenomenon in the church circles also, keeping in line with the record breaking trend of the contemporary world. Arewe to take pride in this, or blush with shame.



So far we have dealt on the existing type of 'trend setters', out to create records, picking out random cases from certain walks of life. Now let us also examine an entirely different set of 'trend setters' who by their very lives created lasting 'records' in a unique way.

The creater and guiding factor of the Universe, our Lord Jesus Christ, born in a manger, lived among the publicans and sinners, thereby transformed their lives. A woman caught in adultery, when brought before the fount of truth and love, He says, woman, go in peace, sin no more, much to the bewilderment of the Pharisees and Saducees– The embodiment of righteousness, with a whip in his hand ruthlessly driving away the money changers and pigeon sellers from the temple saying, 'It is written, 'My house shall be called a house of prayer'; but you make it a den of robbers. The Omnipotent Creator girding up his loins and washing the feet of his handiwork, the disciples.

Was not Christ, the most enigmatic person (to many of his contemporaries and to most of us even now who have not come to realize him fully), on his earthly sojourn 'breaking all the existing records' and setting 'a new record' for us to aim at.

In a world where violence is accepted as a means to attain justice, Gandhiji, the most ardent follower (disciple) of Jesus Christ in the 20th century extolled 'nonviolence' and 'satyagraha' as the noble instruments to attain justice and peace the significance of which the present world is realizing more and more. (This year U. S. A. has proclaimed Oct. 2 as a national holiday). This prophet of nonviolence through his sacrificial life, 'creted a new record' for the social and political activists to emulate. He lived among the untouchables (Harijans) and even cleaned up their lavatories.

Coming to our own church, the late Patros Mar Osthathios Thirumeni in the first half of this century, when untouchability and casteism were rampant, identified with these hapless lot, struggled to undo their sufferings and privation. Has it been possible for us even to contain a fraction of the great challenge which this great soul has thrown before us.

Again, look at Sister Josna working among the Adivasis of Bihar or Tinsi ka Rani (Mercykutty from Palai) working among the underprivileged, exploited class of Madhya-Pradesh. They are the people who are after 'thrill', in the run for 'making records', out to win laurels in the vineyard of Christ. Do their lives not pose any challenge to us.

Now, we have before us two sets of people who have 'broken all the

# ദൈവ ഭവനം

## സി. കെ. ജോസഫ് റമ്പാൻ

നാൻസി—ഉത്തമയായ കുടുംബനായിക, സഭാ കാര്യങ്ങളിലും മററും വളരെ താല്പര്യമുള്ള സ്ത്രീ, പ്രായം 3൬ വയസ്.

കൃപ— നാൻസിയുടെ മകൾ പള്ളി, സണ്ടേസ്ക്കൂൾ എന്നീ കാര്യങ്ങളിൽ ശുഷ്കാന്തിയുള്ള ബാലിക, പ്രായം 10 വയസ്.

ലോലിയ—ധനികയായ കുടുംബനായിക ധനത്തിന്റെ പ്രതാപത്തിൽ ജീവിക്കുന്ന സ്ത്രീ ദൈവീകകാര്യങ്ങളിൽ താല്പര്യം ഇല്ലാത്തവൾ, പ്രായം 37 വയസ്സ്.

സിനി—ലോലിയയുടെ മകൾ പള്ളിയിലും, സണ്ടേസ്കൂളിലും പോകുവാൻ താല്പര്യം ഉണ്ട്. അമ്മയുടെ നിർബന്ധത്തിനു വഴങ്ങി ആഗ്രഹം സാധിക്കാത്തകുട്ടി, പ്രായം 10 വയസ്സ്.

രംഗം 1

(ഇടത്തരം ഭവനം അതിന്നനുസരണമായ സംവിധാനങ്ങൾ. ഭിത്തിയിൽ കർത്താവ് ഗത്സമനയിൽ പ്രാർത്ഥിക്കുന്ന ചിത്രം പഠനമേശയിന്മേൽ സ്കൂൾബാഗ്, വേദപുസ്തകം മുതലായവ അടുക്കും ചിട്ടയോടും കൂടിവച്ചിരിക്കുന്നു. കൃപ പ്രവേശിക്കുന്നു (പ്രായം പത്തു വയസ്സ്)

കൃപ:— (ചിത്രത്തിനുമുമ്പിൽ തിരികത്തിക്കുന്നു. ഒരു മിനിററ് മൗനമായി പ്രാർത്ഥിക്കുന്നു പഠനമേശയുടെ അടുത്തുചെന്നിരുന്ന്, വി: വേദപുസ്തകം എടുത്ത് 23—ാം സങ്കീർത്തനം വായിക്കുന്നു. തുടർന്ന് സണ്ടേസ്കൂളിലെ പാഠങ്ങൾ വായിക്കുന്നു)

കൃപ:— ആയിരം ആയിരം പൊൻവെള്ളി നാണ്യത്തെക്കാൾ നിന്റെ വായിൽ നിന്നുള്ള ന്യായപ്രമാണം എനിക്കുത്തമം. സങ്കീ: 119:2 (വാക്യം മൂന്നുതവണ പറഞ്ഞു കഴിയുമ്പോൾ നാൻസി മകളെ വിളിക്കുന്നു)

നാൻസി:— മോളേ, കൃപേ; നേരം സന്ധ്യയായി കയ്യും മുഖവുമെല്ലാം കഴുകി പ്രാർത്ഥിപ്പാൻ ഒരുങ്ങു. ഞാൻ ഇപ്പോൾ തന്നെ വരാം.

കൃപ:— അമ്മേ, ഞാൻ എപ്പോഴേ ഒരുങ്ങിയിരിക്കുന്നു. കർത്താവിന്റെ ചിത്രത്തിനു മുമ്പിൽ തിരിയും കത്തിച്ച്, ഞാൻ സണ്ടേസ്കൂളിലെ പാഠങ്ങൾ പഠിക്കുകയായിരുന്നു. നാളെ ഞായറാഴ്ചയല്ലേ. മനപാഠവാക്യവും പഠിച്ചു. (വാക്യം ഒരിക്കൽകൂടി പറയുന്നു) ആയിരം ആയിരം പൊൻവെള്ളി നാണ്യത്തെക്കാൾ നിന്റെ വായിൽ നിന്നുള്ള ന്യായപ്രമാണം എനിക്കുത്തമം സങ്കീ: 119:72 (അമ്മ പ്രവേശിക്കുന്നു. (പ്രായം 36 വയസ്സ്)

നാൻസി:— പഠനമെല്ലാം നമസ്കാരം കഴിഞ്ഞിട്ട്, മോള് പോയി നമസ്ക്കാരത്തിനുള്ള പായ് എടുത്തു കൊണ്ടു വരൂ. (കൃപപോയി പായ്എടുത്തുകൊണ്ടുവന്ന് നിവർത്തിയിടുന്നു. പാട്ടുപുസ്തകം; വേദപുസ്തകം; പ്രാർത്ഥനപുസ്തകം എന്നിവ എടുത്തു വയ്ക്കുന്നു. അമ്മയും മകളും ഇരിക്കുന്നു പാട്ട് പാടികഴിഞ്ഞ് കൃപ വേദപുസ്തകം എടുത്ത് 34—ാം സങ്കീർത്തനം 1 മുതൽ 14 വരെ വായിക്കുന്നു. തുടർന്ന് പിതാവിനും.....................സർവശക്തിയുള്ള പിതാവായി...............(ഇരുവരും എഴുന്നേ



ല്ക്കുന്നു നാൻസി കസേരയിൽ ഇരിക്കുന്നു മകൾ അമ്മയെ ചാരി നില്ക്കുന്നു)

നാൻസി:— മോളേ, കൃപേ, നാളെ നിന്റെ ജന്മദിനമല്ലേ?

കൃപ:— അമ്മേ, നാളെ എന്റെ ജന്മദിനമാണ് പള്ളിയിൽ നേരത്തേ പോയി വി. കുർബാനയിൽ ഓർക്കുവാൻ പേര് കൊടുക്കണം. വി. കുർബാന അനുഭവിക്കുകയും വേണം.

നാൻസി:— ജന്മദിനത്തിന്റെ അന്ന് വി. കുർബാന ചൊല്ലിക്കുകയും, അനുഭവിക്കുകയും ചെയ്യുന്നത് നല്ലതുതന്നെ. നീ അതിനായി ഒരുങ്ങിയിട്ടുണ്ടോ?

കൃപ:— അത്താഴം കഴിഞ്ഞ് ഞാൻ അതിന്നായി ഒരുങ്ങും. അതിനുള്ള പ്രത്യേക പ്രാർത്ഥനകളും, അനുതാപത്തിന്റെ സങ്കീർത്തനങ്ങളും വായിച്ച് ധ്യാനിക്കും. നാളെ രാവിലെ പള്ളിയിൽ പോയി കുമ്പസാരിക്കും.

നാൻസി:— മോളേ, പായ്എടുത്തുവയ്ക്കു, അത്താഴം കഴിക്കാം (കൃപ പായ് മടക്കി വയ്ക്കുന്നു) കർട്ടൻ.

രംഗം 2

(നല്ല പണക്കൊഴുപ്പുള്ള ഭവനം അതിന്നനുസരണമായ സജ്ജീകരണങ്ങൾ, ഭിത്തിയിൽ സിനിമാതാരങ്ങളുടെ ചിത്രങ്ങൾ, റേഡിയോ മുതലായ ഉപകരണങ്ങൾ അതതു സ്ഥലത്ത് വച്ചിരിക്കുന്നു. പഠനമേശയുടെ മുകളിൽ മാസികകൾ, കോമിക്സുകൾ, സ്കൂൾബാഗ് എന്നിവ വച്ചിരിക്കുന്നു. സിനി (പത്തുവയസ്സ് പ്രായം) പ്രവേശിക്കുന്നു റേഡിയോ ഓൺചെയ്യുന്നു. കോമിക്സ് എടുത്തു വായിക്കുന്നു. ലോലിയ 37 വയസ്സ് പ്രായം കടന്നു വരുന്നു )

ലോലിയ:— (റേഡിയോ ഓഫ് ചെയ്യുന്നു. ദേഷ്യത്തോടെ) സിനി എന്താ ഇത്? തിങ്കളാഴ്ച പരീക്ഷയില്ലേ? പഠിക്കാതെ പാട്ടും, ആട്ടവും ആയിനടന്നാൽ മതിയോ? പോയി പഠിക്കാൻ നോക്ക് പെണ്ണേ.

സിനി:— മമ്മീ, നാളെ ഞായറാഴ്ചയല്ലേ— പകൽ മുഴുവനും പഠിക്കുവാൻ സമയമുണ്ടല്ലോ. ഞാൻ ഇന്ന് സ്വല്പം എൻജോയ് ചെയ്യട്ടെ

ലോലിയ:— വേണ്ട— വേണ്ട— പാട്ടും വേണ്ട, ആട്ടവും വേണ്ട— എൻജോയ് ചെയ്യുകയും വേണ്ട. പോയിരുന്ന് പഠിച്ച് ഫസ്ററ് റാങ്ക് വാങ്ങിക്കാൻ നോക്ക്.

സിനി:— ഈ മമ്മിയെ കൊണ്ട് തോററു കളിക്കാൻ ഒന്ന് അനുവദിക്കയില്ല. ഒന്ന് പാടാൻ സമ്മതിക്കയില്ല. എപ്പോഴും ഒരേ പല്ലവിതന്നെ, പഠിക്ക്— പഠിക്ക് എന്റെ കൂട്ടുകാരി കൃപയുടെ മമ്മി എന്തു നല്ലതാ. ആ ആന്റി ശനിയാഴ്ച സന്ധ്യ മുതൽ ഞായറാഴ്ച ആറുമണിവരെ പഠിക്കാനെ പറയുകയില്ല സണ്ടേസ്കൂളിലെ പാഠങ്ങൾ വായിക്കാനും, പാടാനും, ഒക്കെ അനുവദിക്കും. ഞായറാഴ്ച പള്ളി, സണ്ടേസ്കൂൾ, ബാലികാസമാജം, എന്നു വേണ്ട എല്ലാററിനും പോകാൻ അനുവാദം ഉണ്ട്. എന്നെ ഒന്നിനും ഈ മമ്മി വിടുകയില്ല. എപ്പോഴും പഠിക്ക്— പഠിക്ക് എന്നു മാത്രം.

ലോലിയ:— ഞാൻ അങ്ങിനെ പറയുന്നത് എന്തുകൊണ്ടാണെന്ന് നിനക്കറിയാമോ? നിന്നെ പഠിപ്പിച്ച് വലുതാക്കി ഒരു ഡോക്ടർ ആക്കണം പള്ളിയും സണ്ടേസ്കൂളുമായി കഴിച്ചുകൂട്ടി മഠത്തിലും മററും വിടാനല്ല. കഴിഞ്ഞ പരീക്ഷയ്ക്ക് നിന്റെ റാങ്ക് എത്രയായിരുന്നു?

സിനി:— ആറാം റാങ്ക്.

ലോലിയ:— ആറ്! നാണമില്ലല്ലോ പറയാൻ എല്ലാ വിഷയത്തിനും ററ്യൂഷൻ ഉണ്ട്, പഠിക്കുവാനുള്ള എല്ലാ സൗകര്യങ്ങളും ഉണ്ട്. എന്നിട്ടും കിട്ടിയതോ ആറാം റാങ്ക്. ററൂഷനും ഇല്ല, പാഠപുസ്തകങ്ങൾ മുഴുവനും ഇല്ല, എന്നിട്ടും കുട്ടികൾ ഫസ്ററ് റാങ്കും മററും വാങ്ങിക്കുന്നു. എല്ലാ സൗകര്യങ്ങളും ഉള്ള നിനക്ക് ആറാം റാങ്ക്.

സിനി:— മമ്മീ ഞാൻ നാളെ പള്ളിയിൽ പോകുകയാ ററൂഷന് പോകുന്നില്ല.

ലോലിയ — എന്ത് പറഞ്ഞു! പള്ളിയിൽ പോകുന്നു; ററൂഷന് പോകുന്നില്ല. ആ ആഗ്രഹമങ്ങ് മനസ്സിൽ വച്ചാൽ മതി. നാളെ ററൂഷന് തന്നെ പോകണം. ഞാൻ നിന്നോടു പറഞ്ഞുവല്ലോ നിന്നെ മഠത്തിൽ വിടാനല്ല; ഡോക്ടറായി കാണ്മാനാണ് എന്റെ ആഗ്രഹം (സിനിയുടെ കയ്യിൽ നിന്നും കോമിക് വാങ്ങി വലിച്ചെറിയുന്നു) പോയിരുന്ന് പഠിക്ക് മാസംതോറും എത്ര രൂപയാ നിനക്ക്വേണ്ടി ററൂഷനും മററും ചിലവാക്കുന്നത്. അല്ലേലും പണത്തിന്റെ വില ഇവൾക്ക് അറിഞ്ഞുകൂടാ.

സിനി:— (മുഖം വീർപ്പിച്ച് മനസ്സില്ലാമനസ്സോടെ ഇംഗ്ളീഷ് പുസ്തകം എടുത്ത് വായിക്കുന്നു)

ലോലിയ:— കുറച്ചുനേരം മകളുടെ പഠനം ശ്രദ്ധിക്കുന്നു) തിങ്കളാഴ്ച ഉച്ചയോടുകൂടി പരീക്ഷ തീരുമല്ലോ നിന്റെ കൂട്ടുകാരി കൃപയുടെ വീട്ടിലേക്കൊരു വിസിററ് നടത്താം.

കർട്ടൻ.

existing records' and 'created new ones' – The former class represented by a section of the super atheletes, top class politicians, clergy and the latter class represented by our 'Prime Model', the sustainer and fount of very being, and the men who have tried to follow his footsteps as closely as possible.

Now, as people always yearning for change, looking for new and new patterns of life, in the race for setting new records, dismantling the older ones, which way we have to choose, 'to Creat a New record'· Let us ask ourselves.

—

## രംഗം 3

(കൃപയുടെ ഭവനം— നാൻസി മലങ്കരസഭാ മാസിക വായിക്കുന്നു. കൃപ സ്കൂളിൽ നിന്ന് വരുന്ന വേഷത്തിൽ പ്രവേശിക്കുന്നു പെൻസിൽ ബോക്സും, കുടയും മേശപ്പുറത്ത് വയ്ക്കുന്നു)

നാൻസി:— മോളേ കൃപേ പരീക്ഷ എല്ലാം എങ്ങിനെ എഴുതി. ചോദ്യങ്ങൾ എളുപ്പമായിരുന്നോ?

കൃപ:— അമ്മേ, എനിക്ക് പരീക്ഷ വളരെ എളുപ്പമായിരുന്നു. അമ്മ പറഞ്ഞതനുസരിച്ച് വളരെ ചിട്ടയോടുകൂടി പഠിച്ചതിനാൽ ഞാൻ എല്ലാ ചോദ്യങ്ങൾക്കും ഭംഗിയായി ഉത്തരം എഴുതി ഫസ്റ്റ് റാങ്ക് കിട്ടുമെന്നാണ് എന്റെ പ്രതീക്ഷ. അമ്മേ ഇന്ന് എന്റെ കൂടെ പഠിക്കുന്ന സിനിയും അവളുടെ മമ്മിയും ഇങ്ങോട്ട് വരുന്നുണ്ട് എന്ന് പറഞ്ഞു.

നാൻസി:— നിന്റെ കൂട്ടുകാരിയുടെ മമ്മിയും ഞാനും രണ്ടുവർഷം ഒന്നിച്ച് പഠിച്ചിട്ടുണ്ട്. ലോലിയ എന്നാണ് പേര്, ലോലിയയുടെ ഡാഡിയ്ക്ക് സ്ഥലംമാററം കിട്ടി ബോംബെയ്ക്കു പോയതിനുശേഷം ഞങ്ങൾ പരസ്പരം കണ്ടിട്ടില്ല.

കൃപ:— അമ്മേ നാളെ മുതൽ O V B S തുടങ്ങുകയാണ്. കാലത്ത് തന്നെ പോയി പേര് രജിസ്ററർ ചെയ്യണം. O V B S—ൽ സംബന്ധിക്കുന്നത് എന്തൊരു ആനന്ദമാണെന്നോ പാട്ടുകളിൽ കൂടിയും കഥകളിൽ കൂടിയുമാണ് ദൈവീക കാര്യങ്ങൾ പഠിപ്പിക്കുന്നത്. ആക്ഷൻ ഗാനങ്ങൾ പഠിപ്പിക്കുന്നത് സലിസാറും, പാട്ടുകൾ പഠിപ്പിക്കുന്നത് സാബു സാറുമാണ്. ദിവസവും മിഠായിയും ബിസ്ക്കററും തരും. 9—ാം ദിവസം ലൗ ഫീസ്ററ്, പത്താം ദിവസം റാലി, പൊതു സമ്മേളനം ആനന്ദത്തിന്റെ പത്തു ദിനങ്ങൾ!

നാൻസി: കഴിഞ്ഞവർഷം പൊതു സമ്മേളനത്തിന് മോള് ഒരു പാട്ട് പാടിയില്ലേ ആ പാട്ട് ഒന്ന് പാടൂ.

കൃപ:—

മോനേ, മോളേ, കുഞ്ഞേ ഓടി വരൂ
OVBS—ന്നായ് പോയിടാമേ
ആക്ഷൻ ഗാനങ്ങൾ പാടികൊണ്ട്
യേശുരാജനെ സ്തുതിച്ചിടാമെ
സ്നേഹഭോജ്യം ഭുജിച്ചും കഥകൾ കേട്ടും
പത്തു ദിനമൊത്തു ചേർന്നിടാമെ
സ്നേഹഭോജ്യം........

(വാതുക്കൽ മുട്ട് കേൾക്കുന്നു)

കൃപ:— സിനിയും മമ്മിയും ആയിരിക്കും. (കൃപ വാതിൽ തുറക്കുന്നു സിനിയും മമ്മിയും പ്രവേശിക്കുന്നു)

ലോലിയ:— അമ്മയും മകളും കൂടി പാട്ട് പാടുകയാണല്ലോ.

നാൻസി:— കൃപമോൾ കഴിഞ്ഞ വർഷം O V B S—ന് പഠിച്ച പാട്ടുകൾ പാടി കേൾക്കുകയായിരുന്നു.

ലോലിയ:— O V B S ഓ, ഞാൻ ഇന്നുവരെ അതിനെക്കുറിച്ച് കേട്ടിട്ടില്ലല്ലൊ.

നാൻസി:— അഖില മലങ്കര സണ്ടേസ്കൂളിന്റെ ഒരു ശാഖയാണ് ഓർത്തഡോക്സ് വെക്കേഷൻ ബൈബിൾ സ്കൂൾ. പത്തു ദിവസം കുഞ്ഞുങ്ങൾ കാലത്ത് 9 മണി മുതൽ 1 മണി വരെ പള്ളിയിൽ ആയിരിക്കും. അവരെ പഠിപ്പിക്കാൻ അദ്ധ്യാപകർ ഉണ്ട്. പാട്ടുകൾ കഥകൾ ആക്ഷൻഗാനങ്ങൾ ഇതെല്ലാം അവരെ പഠിപ്പിക്കും. ഒരു വർഷം സണ്ടേസ്കൂളിൽ പഠിപ്പിക്കുന്ന അത്രയും കാര്യങ്ങൾ പത്ത് ദിവസം കൊണ്ട് പഠിപ്പിക്കും. കുട്ടികൾക്ക് എന്നും ലഘുഭക്ഷണം ഉണ്ടായിരിക്കും. എട്ടാം ദിവസമോ ഒമ്പതാം ദിവസമോ ലൗഫീസ്ററ് ഉണ്ടായിരിക്കും. ഓരോ കുഞ്ഞുങ്ങളും തങ്ങളുടെ വീട്ടിൽനിന്ന് ഓരോ സാധനങ്ങൾ കൊണ്ടുവരും. അത് എല്ലാവരും കൂടി ചേർന്നു സന്തോഷത്തോടെ പങ്കിട്ട് ഭക്ഷിക്കും. ഈ പത്ത് ദിവസവും കുഞ്ഞുങ്ങൾക്ക് ഉത്സവദിനങ്ങൾ ആണ്.

സിനി:— ആൻറീ, എന്റെ മമ്മി എന്നെ ഇതിനൊന്നും പോകാൻ അനുവദിക്കയില്ല. എപ്പോഴും ഒരേ പല്ലവി തന്നെ പഠിക്ക് പഠിക്ക്! എന്നിട്ട് അവസാനം ഒരു താക്കീതും നീ ഒരു കന്യാസ്ത്രീയായി കാണ്മാനല്ല ഒരു ഡോക്ടർ ആയി കാണ്മാനാണ് ആഗ്രഹിക്കുന്നത്. ഒന്ന് കളിക്കാൻ പോലും അനുവദിക്കയില്ല.

നാൻസി:— ലോലിയാ കുഞ്ഞുങ്ങൾക്ക് ലൗകീക വിദ്യാഭ്യാസം മാത്രം നൽകിയാൽ പോരാ അവർക്ക് ആത്മീയ ജ്ഞാനവും നൽകണം. യഹോവ ഭക്തിജ്ഞാനത്തിന്റെ ആരംഭമാകുന്നു കർത്താവിന്റെ അടുക്കലേക്ക് അമ്മമാർ ശിശുക്കളെ കൊണ്ടുചെന്നപ്പോൾ ശിഷ്യന്മാർ അവരെ തടഞ്ഞു. അന്നേരം കർത്താവു പറഞ്ഞത് 'ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ അവരെ തടയരുത് സ്വർഗ്ഗരാജ്യം ഇങ്ങിനെയുള്ളവരുടേതല്ലൊ' കർത്താവിന്റെ അടുക്കൽ ചെല്ലുവാൻ ആഗ്രഹിക്കുന്ന കുഞ്ഞുങ്ങളെ മാതാപിതാക്കന്മാർ ഇന്ന് തടയുന്നു. എന്റെ മകളെ ഞാൻ



(6—ാം പേജിൽനിന്നും തുടർച്ച

### ധ്യാനപംക്തി

പങ്കിടുന്നു. അത് ആസ്വദിച്ച് തിന്മയുടെ വിദ്വേഷത്തെ വിജയിക്കുവാൻ സാധിക്കും. സകല പരിശുദ്ധന്മാരോടും ഒത്തുചേർന്നുള്ള ആരാധനകൾ ഈ അനുഭവം ഹൃദ്യമാക്കിത്തീർക്കുന്നു (എഫെ. 3:16—19). ഇങ്ങനെ പരിശുദ്ധാത്മാവിൽ നിരന്തരം ആരാധന തുടരുന്ന ദൈവപൈതൽ തിന്മ തള്ളി നന്മ ചെയ്യാനുള്ള ദിവ്യശക്തിയിൽ വളർന്നുകൊണ്ടിരിക്കും (യൂദാ 1:20—21).

### സ്വയപരിശോധന

1. തിന്മ തള്ളി നന്മ തിരഞ്ഞെടുക്കുവാനുള്ള പക്വതയും ശക്തിയും ഞാൻ പ്രാപിച്ചിട്ടുണ്ടോ?

2. എല്ലാ സുത്താറാ പ്രാർത്ഥനയോടൊപ്പം പുതിയ ധ്യാനവിഷയങ്ങൾ ഞാൻ കണ്ടുപിടിക്കാറുണ്ടോ?

8. വചനമാകുന്ന പാൽ ഉൾക്കൊഴിക്കുവാനുള്ള ഹൃദയപാത്രത്തിൽനിന്നും മാററേണ്ടതെല്ലാം മാററി ശുദ്ധമാക്കിയിട്ടുണ്ടോ?

4. സ്നേഹത്തേൻ നിറഞ്ഞതാണോ എന്റെ ഹൃദയപുഷ്പം?

### തീരുമാനം

1. യേശുവിന്റെ മനോഭാവം സ്വന്തമാകുന്നതുവരെ സർവായുധവർഗ്ഗം ധരിച്ച് ശക്തി പ്രാപിക്കുവാൻ കാത്തിരുന്ന് ധ്യാനം തുടരും.

2. സ്നേഹത്തേൻ നിറഞ്ഞ ഹൃദയപുഷ്പങ്ങൾ നാൾതോറും വിരിയിക്കുന്നതിന് വചനമാകുന്ന സ്വർഗ്ഗീയ പൂമ്പൊടിക്കായി എന്റെ ഹൃദയം ദാഹിച്ചുകൊണ്ടിരിക്കും.

### പ്രാർത്ഥന

എന്റെ ഈ തീരുമാനങ്ങൾ നടപ്പിലാക്കുവാൻ യേശുദേവ, അവിടുന്നുതന്നെ എന്നിൽ ജീവിക്കണമെ. (ഫിലി. 4:13)

### ചിന്താവിഷയം

എന്റെ വാതുക്കൽ പതിയിരിക്കുന്ന തിന്മയെ കീഴടക്കി ദൈവപ്രസാദം നേടുന്ന ജീവനുള്ള ബലിയായി എന്റെ ശരീരത്തെ സമർപ്പിക്കണം. (ഉല്പത്തി 4:7; ഗലാ. 6:9—10; റോമർ 12:1—2)

### അടുത്ത ധ്യാനവിഷയം

സർവായുധവർഗ്ഗം ധരിച്ച്, ആത്മീയ പാററൺ ടാങ്കുപയോഗിച്ച് ശത്രുവിനെ തുരത്തുവാനും പർവതത്തിൽ കയറി സങ്കേതം പ്രാപിപ്പാനും എങ്ങനെ കഴിയും?

---

സണ്ടേസ്കൂൾ, O V B S, ബാലികാസമാജം, പള്ളിയിലെ ആരാധന എല്ലാററിനും അയയ്ക്കും അതുകൊണ്ട് എന്റെ മോൾ പഠിപ്പിൽ മോശമായിട്ടില്ല. എല്ലാ വർഷവും പരീക്ഷയ്ക്ക് ഫസ്ററ് റാങ്കും ഉണ്ട്.

കൃപ:— നാളെ മുതൽ O V B S തുടങ്ങുകയാണ്. ഞാൻ നാളെ കാലത്തുതന്നെ പോയി പേര് രജിസ്ററർ ചെയ്യും. സിനി നീ വരുന്നോ?

സിനി:— എന്റെ മമ്മി അനുവദിക്കയില്ല. സമ്മതമില്ലാതെ ഞാൻ എങ്ങനെയാ വരുന്നേ?

കൃപ:— ആൻറീ, സിനിയെ അയയ്ക്കണം. 'ഞങ്ങൾ സ്കൂളിൽ വലിയ കൂട്ടുകാർ ആണ്. സണ്ടേസ്കൂളിലും, OVBS—ലും, പള്ളി ആരാധനയിലും സിനിയുംകൂടി ഉണ്ടായിരുന്നാൽ എന്ത് സന്തോഷമാണെന്നോ! പിന്നെ സിനിയ്ക്ക് നല്ല സ്വരമാധുരിയുണ്ട്. ഗായകസംഘത്തിൽ സിനിയും കൂടി ഉണ്ടായിരുന്നാൽ പള്ളിയിലെ ആരാധന ഒന്നുകൂടി സ്വർഗ്ഗീയമായി തീരും.

ലോലിയ:— നാൻസീ, ഞാൻ വന്ന സമയം മുതലേ നിന്റെ മകളുടെ മുഖത്തെ പ്രസന്നതയും ജ്യോതിസും ശ്രദ്ധിച്ചുകൊണ്ടിരിക്കുകയായിരുന്നു, മാത്രമല്ല നിന്റെ മുഖത്തും ഒരു ആനന്ദം കാണുന്നുണ്ട്.

നാൻസി:— അത് ദൈവത്തിന്റെ കൃപ ഒന്നുമാത്രം. ഞങ്ങൾ എല്ലാ ഞായറാഴ്ചകളിലും പള്ളിയിൽ പോകും കൃപ സണ്ടേസ്കൂളിൽ സംബന്ധിക്കുമ്പോൾ ഞാൻ മർത്തമറിയം സമാജത്തിൽ സംബന്ധിക്കും. ഇതിനെല്ലാററിലും ഉപരിയായി ഞങ്ങളുടെ ഭാരങ്ങളും പ്രയാസങ്ങളുമെല്ലാം കർത്താവിന്റെമേൽ ചാരിയിരിക്കുകയാണ്. വിശുദ്ധ പത്രോസ് പറയുന്നത് "അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെമേൽ ഇട്ടുകൊൾക ഭർത്താവ് മരിച്ച അന്നുമുതൽ ഇന്നുവരെ എന്നെ നടത്തുന്നത് ഈ വാക്യമാണ്.

ലോലിയ:— നാൻസീ! നിന്റെ ഭവനത്തിൽ വന്ന് നിന്നേയും മകളേയും കാണ്മാൻ ഇടയായത് വലിയ ഒരു ഭാഗ്യമായി കരുതുന്നു. നിന്റേയും മകളുടേയും സംഭാഷണങ്ങളും പെരുമാററവും കണ്ടപ്പോൾ എന്റെ മനസ്സിന് വലിയ ഒരു

# ആദ്ധ്യാത്മീക ചൈതന്യം ഓളംവെട്ടിയ രജതജൂബിലിയാഘോഷം

## റൂമേനിയൻ പാത്രീയർക്കീസുബാവാ ജൂബിലിയാഘോഷം ഉത്ഘാടനംചെയ്തു

മലങ്കര സഭാചരിത്രത്തിലെ നിരവധി മഹത്സംഭവങ്ങൾക്കുസാക്ഷ്യംവഹിച്ചിട്ടുള്ള കോട്ടയം മാർ ഏലിയാകത്തീഡ്രലും, എം. ഡി. സെമിനാരിയും ആത്മീയ ചൈതന്യം ഓളംവെട്ടുന്ന ഒരു മഹാസമ്മേളനംകണ്ട് പുളകമണിഞ്ഞു. കാലംചെയ്ത പരിശുദ്ധപിതാവായ ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവാതിരുമനസ്സിലെ ചരമരജതജൂബിലി ആഘോഷങ്ങൾക്കു തുടക്കം കുറിച്ചുകൊണ്ടു നടന്ന ആ മഹാസമ്മേളനവും, ഭക്തജനറാലിയും മലങ്കരസഭയുടെ അജയ്യശക്തി വിളിച്ചോതുംവിധമായിരുന്നു. പക്ഷേ അത് ഒരു ശക്തിപ്രകടനമായിരുന്നില്ല. ഭക്തിയുടെ ഒരു വേലിയേറ്റംമാത്രം.

1989 ജനുവരി 8–ാം തീയതി വൈകിട്ട് എം. ഡി. സെമിനാരിയിലെ ബസ്സേലിയോസ്നഗറിൽ റുമേനിയൻ പാത്രിയർക്കീസ് പ. തെയോക്റ്റിസ് തിരുമേനി നിലവിളക്കുകൊളുത്തിക്കൊണ്ട് ജൂബിലി ആഘോഷങ്ങളുടെ ഉൽഘാടനകർമ്മം നിർവ്വഹിച്ചു. സഭൈക്യത്തിൻെറ ആ സുവർണ്ണ ദീപം പ്രകാശം ചൊരിഞ്ഞപ്പോൾ വേദിയിൽ ഉപവിഷ്ടരായിരുന്ന വിവിധ സഭാമേലദ്ധ്യക്ഷന്മാരുടെ കണ്ണുകളിൽ ക്രിസ്തീയസ്നേഹം തിളങ്ങിനിന്നു. അവസരത്തിൽ 25 ആചാരവെടികൾ ദിഗന്ധംഭേദിക്കുമാറ് മുഴങ്ങി.

സഭാമേലദ്ധ്യക്ഷന്മാരോടൊപ്പം വിവിധസമുദായനേതാക്കളും, രാഷ്ട്രീയനേതാക്കളും വേദിയിൽ ഉപവിഷ്ടരായിരുന്നു. മതസൗഹാർദ്ദത്തിൻെറയും സഭൈക്യത്തിൻെറയും പ്രവാചകനായിരുന്ന പ. ഗീവറുഗീസ് ദ്വിതീയൻ ബാവതിരുമനസ്സിലെ ചരമരജതജൂബിലി സമ്മേളനം അക്ഷരാർത്ഥത്തിൽ അർത്ഥപൂർണ്ണമായി.

മലങ്കരസഭയുടെ പരമാദ്ധ്യക്ഷനും, ക്രൈസ്തവലോകമൊന്നാടും പ്രഖ്യാതനും ആയ പ. ബസ്സേലിയോസ് മാർത്തോമ്മാമാത്യൂസ് പ്രഥമൻ ബാവാതിരുമനസ്സിലെ അദ്ധ്യക്ഷതയിൽ ചേർന്ന മഹായോഗത്തിൽ ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്താ, അർമീനിയൻ ബിഷപ്പ് ആഖാൻ ബലിയോസാൻ, സി. എസ്. ഐ ബിഷപ്പ് എം. സി. മാണി, വിജയപുരം ബിഷപ്പ് പീറ്റർ തുരുത്തിക്കോണത്ത്, എൻ. എസ്. എസ്. ജനറൽ സെക്രട്ടറി പി. കെ. നാരായണപ്പണിക്കർ, കേന്ദ്രമന്ത്രിമാരായ എം. എം. ജേക്കബ്, എസ്. കൃഷ്ണകുമാർ, എം. പി. മാരായ തോമസ്കുതിരവട്ടം, സുരേഷ്കുറുപ്പ് എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി.

ഭൂകമ്പംമൂലം തീരാദു:ഖം അനുഭവിക്കുന്ന അർമ്മീനിയായിലെ സഹോദരങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാനും അവർക്കു സഹായഹസ്തങ്ങൾ നീട്ടുവാനും അപേക്ഷിച്ചുകൊണ്ട് ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി ചെയ്ത ലഘുപ്രസംഗം ശ്രോതാക്കളെ വികാരാധീനരാക്കി. യൂറോപ്പിലെ ഒരു സമ്പന്ന സഭയെ സഹായിക്കാൻ ഏഷ്യയിലെ ഒരു സഹോദരീ സഭയ്ക്കു ലഭിക്കുന്ന സന്ദർഭമാണിതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

വിദേശസഭാപ്രതിനിധികളെ ഡോ. പീലിപ്പോസ് മാർ തെയോഫീലോസ് തിരുമേനി സദസ്സിനു പരിചയപ്പെടുത്തിക്കൊടുത്തു.

സമ്മേളനത്തിൽ നിയുക്ത കാതോലിക്കോസ് മാത്യൂസ് മാർ കൂറീലോസ് തിരുമേനി സ്വാഗതം ആശംസിച്ചു. ഓർത്തഡോക്സ്സെമിനാരി ഗായകസംഘം പ്രാർത്ഥനാഗീതം ആലപിച്ചു. പാമ്പാടി കോളജ് ഗായകസംഘം സമ്മേളനത്തിൽ ഗാനങ്ങൾ ആലപിച്ചു.

പ. കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് നേരത്തെ തയ്യാറാക്കിയ അദ്ധ്യക്ഷപ്രസംഗം പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ വായിച്ചു. തുടർന്ന് ഉത്ഘാടനത്തിനായി പാത്രിയർക്കീസ് ബാവായെ ക്ഷണിച്ചു.

ഉൽഘാടനം ചെയ്തുകൊണ്ട് കൊളുത്തപ്പെട്ട ദീപം പവിത്രമായ ക്രിസ്തീയ വിശ്വാസദീപമാണെന്ന് പ. റുമേനിയൻ ബാവാതിരുമേനി പറഞ്ഞു. ഈ ദീപം തന്നെയാണ് റൂമേനിയയിലും തെളിഞ്ഞുപ്രകാശിക്കുന്നതെന്ന് പറഞ്ഞപ്പോൾ അദ്ദേഹം വികാരഭരിതനായി.

പരിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ പാരമ്പര്യം കാത്തുസൂക്ഷിക്കുന്ന ഭാരത ക്രൈസ്തവസഭയും പ. അന്ത്രയോസ്ശ്ലീഹായുടെ പാരമ്പര്യം അവകാശപ്പെടുന്ന റുമേനിയൻ സഭയും തമ്മിൽ കഴിഞ്ഞ മൂന്നു ദശവർഷങ്ങളായി ആഴമായ ബന്ധമാണ് പുലർത്തിപ്പോരുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. കാലം കഴിയുന്തോറും ഈ ബന്ധം കൂടുതൽകൂടുതൽ സുദൃഢമാകുമെന്നുള്ള വിശ്വാസം അദ്ദേഹം പ്രകടിപ്പിച്ചു. ഭാരതപ്രേഷിതനായ മാർത്തോമ്മാശ്ലീഹായും, റുമേനിയൻ സഭയുടെ കാവൽപ്പിതാവായ പ. അന്ത്രയോസ് ശ്ലീഹായും ക്രിസ്തുനാഥൻ ചൊരിയുന്ന സ്വർഗ്ഗീയ പ്രകാശധാരയിൽ മുഴുകിനിൽക്കുന്ന ഒരു അമൂല്യ ഐക്കണും (ചിത്രം) സ്വർണ്ണ കുരിശും മാലയും പ. ബാവാതിരുമേനിക്ക് പ. റുമേനിയൻ പാത്രിയർക്കീസ് ബാവാ സമ്മാനിച്ചു. റുമേനിയൻ കുരിശ്, റുമേനിയൻ മൊണാസ്ട്രറിയിൽ നെയ്തെടുത്ത വിശേഷപ്പെട്ട കാപ്പത്തുണി എന്നിവയും സമ്മാനങ്ങളുടെ കൂട്ടത്തിൽ പെടുന്നു.

ചരമരജതജൂബിലിയാഘോഷങ്ങൾ ഉത്ഘാടനം ചെയ്യാമെന്ന് സമ്മതിച്ചിരുന്ന കേരളാ ഗവർണർ ശ്രീമതി റാം ദുലാരി സിൻഹായ്ക്ക് ജപ്പാനിലെ ഹിരോഹിതോ ചക്രവർത്തിയുടെ നിര്യാണത്തിലുള്ള ദേശീയദു:ഖപ്രഖ്യാപനം മൂലം പൊതുചടങ്ങുകൾ ഉപേക്ഷിക്കേണ്ടിവന്നതിനാൽ ഗവർണ്ണറുടെ പ്രസംഗം കോട്ടയം ജില്ലാ കലക്ടർ ശ്രീ. അൽഫോൻസ് കണ്ണന്താനം വായിച്ചു. ഉത്തമ ക്രൈസ്തവമൂല്യങ്ങൾ ഉജ്ജ്വലിപ്പിച്ചുകൊണ്ട് ഒരു പുതിയ ദേശീയവ്യവസ്ഥിതിക്കുവേണ്ടി കർമ്മരംഗത്ത് ഇറങ്ങുവാൻ തൻെറ സന്ദേശത്തിലൂടെ ഗവർണ്ണർ ആഹ്വാനം ചെയ്തു. വിദ്യാഭ്യാസമണ്ഡലത്തിലും സാമൂഹ്യസാംസ്കാരികരംഗങ്ങളിലും ക്രൈസ്തവർ നൽകിയിട്ടുള്ള വിലപ്പെട്ട സംഭാവനകളെ ഗവർണ്ണർ മുക്തകണ്ഠം പ്രശംസിച്ചു.

പ്രധാന മന്ത്രിയുടെ അർമ്മീനിയൻ ദുരിതാശ്വാസനിധിയിലേക്ക് മലങ്കര ഓർത്തഡോക്സ് സഭയുടെ സംഭാവനയായി ഒരുലക്ഷം രൂപായുടെ ചെക്ക് പ. കാതോലിക്കാബാവാ തിരുമേനി ജില്ലാകലക്ടറെ ഏല്പിച്ചു.

സുദീർഘമായ 35 വർഷക്കാലം മലങ്കരസഭയുടെ സാരഥ്യം വഹിച്ച പ. ഗീവറുഗീസ് ദ്വിതീയൻ ബാവാ കാലംചെയ്തതിനുശേഷവും സഭയുടെ ആദ്ധ്യാത്മിക പ്രചോദനകേന്ദ്രമാണെന്ന് അദ്ധ്യക്ഷപ്രസംഗത്തിൽ പ. ബാവാ തിരുമേനി അനുസ്മരിച്ചു. തൻെറ ഭരണകാലത്ത് ആദരിക്കപ്പെട്ടതിനെക്കാൾ അധികമായി ഇന്ന് അദ്ദേഹം ആദരിക്കപ്പെടുന്നുണ്ടെന്നും സ്വർഗ്ഗസൗഭാഗ്യം അനുഭവിക്കുന്ന പരിശുദ്ധന്മാരോടൊപ്പം പ. സഭയ്ക്കുവേണ്ടി അദ്ദേഹം മദ്ധ്യസ്ഥത വഹിക്കുകയാണെന്ന് പ. ബാവാ തിരുമേനി തുടർന്നു പറഞ്ഞു.

1963–ൽ അർമ്മീനിയൻ പാത്രിയർക്കീസ് പ. വസ്കൻ തിരുമേനി കേരളത്തിൽ സന്ദർശനം നടത്തിയതുമുതൽ മലങ്കരസഭയും അർമ്മീനിയൻ സഭയും തമ്മിലുള്ള സൗഹൃദം അദ്ദേഹം തുടരുകയാണെന്ന് അർമ്മീനിയൻ ബിഷപ്പ് ആഖാൻ ബലിയോസിയാൻ അനുസ്മരിച്ചു. അർമീനിയൻ ദുരിതാശ്വാസപ്രവർത്തനങ്ങളിൽ മലങ്കരസഭ കാട്ടുന്ന താല്പര്യം ശ്ലാഘനീയവും മാതൃകാപരവുമാണെന്ന് അദ്ദേഹം പറഞ്ഞു. ഭൂകമ്പങ്ങൾക്ക് പള്ളിയെയും ഇളക്കിമറിക്കാൻ കഴിയുമെങ്കിലും ദൈവവിശ്വാസത്തെ അണുവളവും ഇളക്കാനാവില്ലെന്ന് അദ്ദേഹം തുടർന്നു പറഞ്ഞു.

---

ആനന്ദം, എൻെറ മക്കളുടെ മുഖത്തും വലിയ ഒരു മാറ്റം കാണുന്നു. ഇന്നു മുതൽ എൻെറ ഭവനവും ഒരു ദൈവീക ഭവനം ആകും. ഞാനും എൻെറ മക്കളും മുടങ്ങാതെ പള്ളിയിൽ പോകും. സിനിമോളെ നാളെ നീയും കൃപയുടെ കൂടെ ഓ. വി. ബി. എസ്. ന് പോകണം.

ഡാൻസി:— നിൻെറ ഈ തീരുമാനം പൂർത്തിയാക്കാൻ കർത്താവ് സംഗതിയാക്കട്ടെ.

(പുറകിൽ നിന്നും പ്രാർത്ഥനാഗാനം കേൾക്കുന്നു. നാലുപേരും കർത്താവിൻെറ ചിത്രത്തെ നോക്കി കൈകൾ കൂപ്പി മൗനമായി നിൽക്കുന്നു)

കർട്ടൻ

---




MATRIMONIAL

"Alliance invicted for religious boy M.B.A. Ist class, 27, employed Outside Kerala, tall with good personality. Engineer, Doctor, Lecturer prefered." Apply Box 144, C/o Malankara Sabha, Catholicate Office, Kottayam 686038.

# 70 തികഞ്ഞ ഗീവർഗീസ് മാർ ഒസ്താത്തിയോസ് കർമ്മരംഗങ്ങളിൽനിന്നു മാറാത്ത മെത്രാപ്പോലീത്താ

കെ. വി. മാമ്മൻ

മലങ്കര ഓർത്തഡോക്സ് സഭയുടെ വികസനം, ജീവകാരുണ്യപ്രവർത്തനങ്ങൾ, സുവിശേഷദൗത്യപ്രചരണം, മാനുഷിക പ്രശ്നങ്ങളോടുള്ള പ്രതിബദ്ധത മുതലായ കാര്യങ്ങളിൽ കഴിഞ്ഞ നാലു ദശാബ്ദങ്ങളായി കൂടുതൽ ശ്രദ്ധ ചെലുത്തി പ്രവർത്തിച്ചുവരുന്ന ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ ഇന്നു സഭയിലുള്ള മേല്പട്ടക്കാരിൽ ഏററവും അധികം കർമ്മനിരതനാണ്. തന്റെ ആദർശങ്ങൾ അനുസരിച്ചു ജീവിക്കുന്നതിനും പ്രവർത്തിക്കുന്നതിനു സാധിച്ചിട്ടില്ലെങ്കിലും മഹത്തായ ലക്ഷ്യത്തിലേക്ക് എഴുപതാം വയസ്സിലും കുതിക്കുന്ന ഒരു ജനകീയ ബിഷപ്പാണ് അദ്ദേഹമെന്ന് സമർത്ഥിക്കാൻ പ്രയാസമില്ല. മാവേലിക്കരയിലെ സെ. പോൾസ് സുവിശേഷാലയം, പുതുപ്പാടിയിലെ ബാലഭവനം, പനയമ്പാലയിലെ ബാലഭവനം, ആന്ധ്രയിലെ യാച്ചാരാമിലുള്ള ബാലഗ്രാം, വിവാഹ സഹായനിധി, രോഗസഹായനിധി, തിരുവനന്തപുരത്ത് എത്തുന്ന രോഗികൾക്കുവേണ്ടി സ്ഥാപിച്ചിരിക്കുന്ന കാരുണ്യഭവനം എന്നിവയെല്ലാം മെത്രാപ്പോലീത്തായുടെ കർമ്മരംഗങ്ങളുടെ പ്രതീകങ്ങളാണ്. ഇതിനും പുറമെ സ്ലീബാദാസ സമൂഹത്തിന്റെ അദ്ധ്യക്ഷനായിരിക്കുമ്പോൾ സ്ഥാപിച്ചതാണ് കണ്ടനാട് കർമ്മേൽ ദയറയോടനുബന്ധിച്ചുള്ള സെ. ശിമയോൻ ഭവനം.

വർഷങ്ങളായി മലങ്കരസഭയിലെ കൺവൻഷനുകളിൽ ചെയ്തുവരുന്ന പ്രസംഗങ്ങൾ ഏതു കഠിനഹൃദയരേയും ചലിപ്പിക്കാൻ പര്യാപ്തമായിട്ടുള്ളതാണ്. പര്യാപ്തമായ രീതിയിൽ ആചാരാനുഷ്ഠാനങ്ങൾക്കു പ്രാധാന്യം നൽകി ജീവിക്കുന്ന സഭാംഗങ്ങളിൽ ആദ്ധ്യാത്മികചലനം സൃഷ്ടിക്കുന്നതിനും സഭയുടെ ദൗത്യത്തെപ്പററി അവരെ ബോധവൽക്കരിക്കുന്നതിനും മെത്രാപ്പോലീത്താ ചെയ്തിട്ടുള്ള സേവനങ്ങൾ വിലയിരുത്തുക ശ്രമകരമായ ജോലിയാണ്.

തന്റെ സഞ്ചാരപര്യടനങ്ങൾ ആഗോള സഭാ

---

രോഹണത്തിന്റെ മനോഹരമായ ഒരു ഐക്കണും (ചിത്രം) മററുചില സമ്മാനങ്ങളും പാത്രിയർക്കീസു ബാവായിക്കും മററു സമ്മാനങ്ങൾ പ്രതിനിധികൾക്കും നൽകി. 13–ാം തീയതി കൊച്ചിയിൽ എത്തി പ്രതിനിധികളെ യാത്രയയച്ചു. കൊച്ചിയിൽ മലബാർ ഹോട്ടലിൽവച്ച് പാത്രിയർക്കീസു ബാവായിക്കും മററും പ. ബാവാ ലഞ്ചുസൽക്കാരം നൽകുകയുണ്ടായി. കൊച്ചിയിൽനിന്ന് ഡൽഹിയിൽ എത്തി ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ അതിഥികളായി 4 ദിവസം താമസിച്ചശേഷം 17–ാം തീയതി റൂമേനിയായിലേക്കു പാത്രിയർക്കീസ് ബാവായും സംഘവും യാത്രയായി.

## മ്യൂസിക്കൽ സ്കൂൾ

ഓർത്തഡോക്സ് സെമിനാരിയോടനുബന്ധിച്ച് ആരംഭിക്കുന്ന ലിററർജിക്കൽ മ്യൂസിക്ക് സ്കൂളന്റെ ഉത്ഘാടനം 9–ാം തീയതി രാവിലെ റൂമേനിയൻ പാത്രിയർക്കീസ് നിർവഹിച്ചു.

ഉത്ഘാടനസമ്മേളനത്തിൽ പ. കാതോലിക്കാ ബാവാ അദ്ധ്യക്ഷം വഹിച്ചു.

## പാത്രിയർക്കാ ബഹുമതി

റൂമേനിയൻ പാത്രിയർക്കീസുബാവായുടെയും സംഘത്തിന്റെയും കോട്ടയത്തെ താമസം, ഭക്ഷണം മുതലായവയുടെ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി പ. കാതോലിക്കാ ബാവാ ചുമതലപ്പെടുത്തിയ മി. കെ. സി. ഈപ്പന് (തമ്പി) അദ്ദേഹത്തിന്റെ സ്തുത്യർഹമായ സേവനത്തെ പരിഗണിച്ച് പാത്രിയർക്കീസ് ബാവാ 'Patriarchal Cross' എന്ന ബഹുമതി മുദ്രയും സർട്ടിഫിക്കേററും നൽകി. സഭാസേവനം, സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ മുതലായവയിൽ തല്പരരായ അത്മായക്കാർക്ക് റൂമേനിയൻ സഭ നൽകുന്ന ബഹുമതിയാണ് ഇത്.

മി. കെ. സി, ഈപ്പൻ സഭയിലെ വിവിധ രംഗങ്ങളിൽ വിലപ്പെട്ട സേവനം അനുഷ്ഠിച്ചുകൊണ്ടാണിരിക്കുന്നത്.



# സഭാ വാർത്തകൾ

## കുഷ്ഠരോഗികളും ആരാധകരും സാക്ഷ്യം വഹിച്ച സപ്തതി

നൂറനാട്: നിരണം ഭദ്രാസനാധിപൻ അഭിവന്ദ്യ ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ സപ്തതി ഡിസംബർ 10–ന് ശനിയാഴ്ച നൂറനാട് കുഷ്ഠരോഗാശുപത്രിയിൽ ആചരിച്ചു.

രാവിലെ മെത്രാപ്പോലീത്താ ജനങ്ങൾ തിങ്ങിനിറഞ്ഞ ആശുപത്രി ചാപ്പലിൽ വിശുദ്ധ കുർബാന അർപ്പിച്ചു. രോഗികളും മററും കുർബാന സ്വീകരിച്ചു.

തുടർന്ന് ആശുപത്രി തീയേററർ ഹാളിൽ നടന്ന പൊതുസമ്മേളനത്തിൽ നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ പ്രായത്തിനതീതമായ കർമ്മചൈതന്യത്തെ അദ്ധ്യക്ഷൻ അഭിനന്ദിച്ചു. അദ്ദേഹം ചെയ്തിട്ടുള്ള കാര്യങ്ങൾ ഇല്ലായിരുന്നുവെങ്കിൽ സഭയുടെ ജീവകാരുണ്യപ്രവർത്തന രംഗത്ത് വലിയ വിടവ് പ്രത്യക്ഷപ്പെടുമായിരുന്നു എന്നും മാർ കൂറിലോസ് ചൂണ്ടിക്കാട്ടി.

ആശുപത്രിക്കുവേണ്ടി പമ്പുഹൗസ് നിർമ്മിക്കാൻ യുവജനപ്രസ്ഥാനം ശേഖരിക്കുന്ന കാൽ ലക്ഷം രൂപാ ഫണ്ടിന്റെ ആദ്യ ഗഡുവായ 15000 രൂപാ മെത്രാപ്പോലീത്തമാർ ഒന്നിച്ചു ആശുപത്രി സൂപ്രണ്ട് ഡോ. രാഘവനെ ഏല്പിച്ചു. തുടർന്ന് ഡോ. രാഘവൻ, ഫാ. കെ. ടി. ചെറിയാൻ, ഫാ. ഡാനിയേൽ എൻ. വറുഗീസ്, പ്രൊഫ. കെ. എം. കുറിയാക്കോസ്, പ്രൊഫ. പി. സി. ഏലിയാസ്, ഫാ. വി. എം. മത്തായി, പ്രൊഫ. വറുഗീസ് പടിയറ, നാരായൺകുട്ടി മുതലായവർ പ്രസംഗിച്ചു. ബേബി ജോൺ കായംകുളം കവിത വായിച്ചു. ഫാ. ഒ. തോമസ് സ്വാഗതം പറഞ്ഞു. കെ. വി. മാമ്മൻ രചിച്ച ''മാർ ഔഗേൻ കാതോലിക്കാബാവാ'' എന്ന പുസ്തകം മാർ കൂറിലോസ്

---

സമ്മേളനങ്ങൾ എന്നിവയിലൂടെ ലോകക്രൈസ്തവ സമൂഹത്തിന്റെ നിരയിൽ എത്തുന്നതിലും മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രത്യേകതകൾ എടുത്തു കാട്ടുന്നതിലും മെത്രാപ്പോലീത്താ വളരെയധികം വിജയിച്ചിട്ടുണ്ട്. ചെറുപ്പം മുതലേ വേദപുസ്തകം അരച്ചുകലക്കിക്കുടിച്ചിട്ടുള്ള മെത്രാപ്പോലീത്താ ആധുനിക ദൈവശാസ്ത്രജ്ഞന്മാരുടെ നിരയിലും സ്ഥാനം പിടിച്ചുകഴിഞ്ഞിട്ടുണ്ട്.

ഇതിനകം 25–ൽ പരം പുസ്തകങ്ങൾ മെത്രാപ്പോലീത്താ രചിച്ചിട്ടുണ്ട്.

റഷ്യ, ചൈന എന്നീ രാജ്യങ്ങളെപ്പററിയുള്ള അദ്ദേഹത്തിന്റെ മതിപ്പും വീക്ഷണവും സ്വീകാര്യമല്ലെന്നു കരുതുന്ന ഒട്ടധികം ആളുകൾ മെത്രാപ്പോലീത്തായുടെ സുഹൃത്തുക്കളായിട്ടുണ്ട്. ധാരാളം പണം സമ്പാദിക്കുന്നതു പാപമാണെന്നും പണക്കാരുടെ കൈവശമുള്ള ധനം പാവപ്പെട്ടവർക്കുള്ളതാണെന്നും അതു മററുള്ളവരിൽ നിന്നു ചൂഷണം ചെയ്തതാണെന്നുമാണ് മെത്രാപ്പോലീത്തായുടെ അഭിപ്രായം.

സപ്തതിക്കു സമ്മതിച്ചത് ഒരു വ്യവസ്ഥയ്ക്കു വിധേയമായിട്ടാണ്. നൂറനാട് കുഷ്ഠരോഗാശുപത്രിയിൽ വച്ച് സപ്തതി ആചരിക്കുന്നതിൽ എതിരില്ല. പക്ഷേ കുഷ്ഠരോഗാശുപത്രിക്കു കാൽ ലക്ഷം രൂപാ പിരിച്ചു നൽകണം. ശുദ്ധജലവിതരണത്തിനുള്ള ഒരു പമ്പു ഹൗസ് സ്ഥാപിക്കാൻ യുവജനപ്രസ്ഥാനം പ്രസിഡന്റ് കൂടിയായ മെത്രാപ്പോലീത്തായുടെ വെല്ലുവിളി പ്രസ്ഥാനം ഏറെറടുത്തു. ഫാ. ഒ. തോമസിന്റെ നേതൃത്വത്തിൽ പ്രവർത്തനം മുന്നേറി. ആരോടും നേരിട്ടു ചോദിക്കാതെ പണവും ശേഖരിച്ചു. സപ്തതി ദിനത്തിൽ 15000 രൂപ സാനിറേറാറിയം സൂപ്രണ്ട് ഡോ. രാഘവനെ ഏല്പിച്ചു. ബാക്കി ഉടനെ കിട്ടും എന്ന പ്രതീക്ഷയാണ് എല്ലാവർക്കും ഉള്ളത്.

ഒരു സാധാരണ കുടുംബത്തിൽ ജനിച്ചു വളർന്ന മെത്രാപ്പോലീത്തായ്ക്ക് നല്ല സേവനപ്രവർത്തനങ്ങൾക്കുവേണ്ടി ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും പണം പറന്നുവരുന്നുവെന്ന കാര്യം പലർക്കും അജ്ഞാതമായിരിക്കും. സഭയെ ശക്തിയുക്തം സേവിക്കുന്ന ഈ മേല്പട്ടക്കാരന് ലോകമെങ്ങും സുഹൃത്തുക്കളും ആരാധകരും ഉണ്ടെന്നുള്ള വസ്തുത എടുത്തു പറയേണ്ടതുണ്ട്. അതാണ് അദ്ദേഹത്തിന്റെ ശക്തിസ്തംഭങ്ങളിൽ ഒന്ന്.

മെത്രാപ്പോലീത്താ ആദ്യപ്രതി മാർ ഒസ്താത്തിയോസിനു നൽകി പ്രകാശനം ചെയ്തു. മാർ ഒസ്താത്തിയോസിനു ശെമ്മാശുപട്ടവും മെത്രാൻ പട്ടവും നൽകിയ മാർ ഔഗേൻ ബാവായെപ്പററിയുള്ള ഈ പുസ്തകം (വില 10 രൂപാ) മെത്രാപ്പോലീത്തായിക്കാണു ഗ്രന്ഥകർത്താവു സമർപ്പിച്ചിരിക്കുന്നത്. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ ഏററവും ഒടുവിൽ രചിച്ച 'സുവിശേഷ ദൗത്യവും സ്ഥിതിസമത്വവും.' എന്ന പുസ്തകം കെ. വി മാമ്മനും പ്രകാശനം ചെയ്തു.

അനുമോദനങ്ങൾക്കുള്ള മറുപടിയിൽ പാവപ്പെട്ടവർക്കുവേണ്ടിയുള്ള പ്രവർത്തനം അനായാസം തുടരാനുള്ള അഭിലാഷം മെത്രാപ്പോലീത്താ പ്രകടിപ്പിച്ചു.

നേരത്തെ സമുദായ സെക്രട്ടറി പ്രൊഫ. മത്തായി മെത്രാപ്പോലീത്തായെ ഹാരം അണിയിച്ചു.

## വലിയബാവാ അതിമാനുഷികത്വത്തിലേക്ക് ഉയർന്ന അസാധാരണ മനുഷ്യൻ

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ

മൂന്നര ദശാബ്ദക്കാലം മലങ്കര സഭയെ നയിച്ച പ. ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവാ വിശുദ്ധവും ത്യാഗാധിഷ്ഠിതവുമായ ജീവിതം വഴി അതിമാനുഷികത്വത്തിലേക്കുയർന്ന അസാധാരണ മനുഷ്യനായിരുന്നു എന്ന് അഖില ലോകസഭാ കൗൺസിൽ പ്രസിഡണ്ട് കൂടിയായ ഡൽഹിഭദ്രാസന മെത്രാപ്പോലീത്താ ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് തിരുമേനി പ്രസ്താവിച്ചിരിക്കുന്നു.

കോട്ടയം ബസേലിയോസ് കോളജിന്റെ പേട്രൺസ് ഡേ, രജതജൂബിലി ആഘോഷങ്ങളുടെ ഉത്ഘാടനം എന്നിവ സംബന്ധിച്ച് ചേർന്ന പൊതുസമ്മേളനത്തിൽ ബസേലിയസ് സ്മാരക പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. യുദ്ധത്തിലും സമാധാനത്തിലും ഒരുപോലെ സഭയെ നയിച്ച ഉത്തമനായകനായിരുന്നു വലിയ ബാവായെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

രജതജൂബിലി ആഘോഷങ്ങളുടെ ഉത്ഘാടനം ഭദ്രദീപം കൊളുത്തി പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ നിർവഹിച്ചു. നിർണ്ണായകമായൊരുഘട്ടത്തിൽ സഭയെയും സമൂഹത്തെയും നയിച്ച ബസേലിയോസ് ദ്വിതീയൻ ബാവായുടെ നാമത്തിൽ സഭാ ആസ്ഥാനത്തുള്ള കോളജന്നനിലയിൽ ബസേലിയോസ് കോളജിനെ ഒരു മഹൽ സ്ഥാപനമാക്കി ഉയർത്താൻ എല്ലവരും യത്നിയ്ക്കണമെന്ന് പ. ബാവാ ആഹ്വാനം ചെയ്തു ജൂബിലി സ്മാരകമായി പണിയുന്ന ഓഡിറേറാറിയത്തിന്റെ നിർമ്മാണ ഫണ്ടിലേയ്ക്ക് ഒരു ലക്ഷം രൂപ സംഭാവന നൽകുന്നതാണെന്ന് പ. ബാവാ അറിയിച്ചു.

കോളജിന്റെ മാനേജർ കൂടിയായ ഇടുക്കി ഭദ്രാസനാധിപൻ മാത്യൂസ് മാർ ബർന്നബാസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ മന്ത്രി ടി. കെ. രാമകൃഷ്ണൻ, തോമസ് കുതിരവട്ടം എം. പി., ഉമ്മൻ ചാണ്ടി എം. എൽ. എ., മുനിസിപ്പൽ ചെയർമാൻ മാണി എബ്രഹാം, കോളജ് യൂണിയൻ ചെയർമാൻ ജയൻ പള്ളത്തോട്ട് എന്നിവർ പ്രസംഗിച്ചു.

പ്രിൻസിപ്പൽ പ്രൊഫ. എം. ജെ തോമസ് റിപ്പോർട്ട് അവതരിപ്പിച്ചു. ആഘോഷക്കമ്മററി ജനറൽ കൺവീനർ റവ. പ്രൊഫ. കെ. വി പൗലൂസ് സ്വാഗതവും പ്രോഗ്രാം കമ്മററി കൺവീനർ പ്രൊഫ. പി. സി. ഏലിയാസ് കൃതജ്ഞതയും പറഞ്ഞു.

ബസേലിയോസ് കോളജിൽനിന്നും പ്രസിദ്ധീകരിയ്ക്കുന്ന 'ബസേലിയൻ' ത്രൈമാസികയുടെ കോപ്പി മുൻ പ്രിൻസിപ്പൽ പ്രൊഫ. ഇ. ജെ. ജോണിന് നൽകിക്കൊണ്ട് സബ്രജിസ്ട്രാർ പി. സി. എബ്രഹാം നിർവഹിച്ചു.

## ശവക്കോട്ടപള്ളി കൂദാശചെയ്തു

മലങ്കരയുള്ള ഏററവും വലിയ ശവക്കോട്ടയും പ. പരുമല തിരുമേനി കൂദാശചെയ്തതുമായ ആർത്താററു കുന്നംകുളം ഇടവകയുടെ ശവക്കോട്ടയിൽ പുതുതായി രണ്ടരലക്ഷം രൂപാ മുടക്കി പണികഴിപ്പിച്ച ചാപ്പലിന്റെ കൂദാശ ഇടവ മെത്രാപ്പോലീത്താ പൗലോസ് മാർ മിലിത്തിയോസ് തിരുമേനി നിർവഹിച്ചു. വി. ഗീവർഗീസ് സഹദായുടെ നാമത്തിൽ സ്ഥാപിച്ചിട്ടുള്ള ഈ ശവക്കോട്ടയ്ക്ക് 4½ ഏക്കർ സ്ഥലമാണ് മതിലുകെട്ടിതിരിച്ചിരിക്കുന്നത്.


## കോറെപ്പിസ്ക്കോപ്പാസ്ഥാനം നല്കി

ആർത്താററു കുന്നംകുളം മഹാഇടവക വികാരി റവ. ഫാ. പീററർ ചെറുവത്തൂരിന് കുന്നംകുളം ഭദ്രാസനാധിപൻ പൗലൂസ് മാർ മിലിത്തിയോസ് തിരുമേനി കോറെപ്പിസ്ക്കോപ്പാ സ്ഥാനം നൽകിയിരിക്കുന്നു.

---

മൂന്നാം ചരമവാർഷികം

18–2–1989



ബഥനി ആശ്രമാംഗവും കുന്നംകുളം ബഥനി ഇംഗ്ളീഷ് മീഡിയം സ്ക്കൂളിന്റെ സ്ഥാപകനും ആൻഡമാൻസ്, ആസ്സാം, നാഗാലാൻറ് മുതലായി ഭാരതത്തിലെ വടക്കുകിഴക്കൻ ഇടവകകളുടെ വികാരിയായി സേവനമനുഷ്ടിച്ച ദേഹവുമായ

റവ. ഫാ. ഗീവർഗീസ് ഒ. ഐ. സി.

# മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



കെ. പി. തോമസും കുടുംബവും. വാഴക്കാല കയ്യാലപറമ്പിൽ, കാനഡാ. — ഒരു വിശ്വാസി കുടുംബം. — ഏ. സി. മാത്യു, ബഹറിൻ.





ഒരു വിശ്വാസി, ദുബായി.



ഒരു വിശ്വാസി, കായംകുളം — പി. ജി. എബ്രഹാം, — മാത്യു ജോർജ്ജ്, മദ്രാസ്.



## സെമിനാറും വാഷികവും

മുളന്തുരുത്തി ഡിസ്ട്രിക്ട് സണ്ടേസ്കൂൾ അദ്ധ്യാപക സെമിനാറും വാർഷികസമ്മേളനവും ഇരുത്തിക്കര മാർ ഗ്രീഗോറിയോസ് കാതോലിക്കേററ് ചാപ്പലിൽ വച്ച് നടത്തി. ഫാ. ഓ. തോമസ് ക്ളാസ്സെടുത്തു. എസ്. കെ. അടൂർ, ഫാ. തോമസ് എന്നിവർ പ്രസംഗിച്ചു.

ഉച്ചഭക്ഷണത്തിനുശേഷം പൗലൂസ് തലക്കോട് മോഡൽ ക്ളാസ്സ് നടത്തി. തുടർന്ന് ചർച്ച നടന്നു. വാഷികസമ്മേളനത്തിൽ ഫാ. കെ. ജെ. കുര്യാക്കോസ് അദ്ധ്യക്ഷത വഹിച്ചു. അദ്ധ്യാപകപ്രതിനിധി ജോൺ വറുഗ്ഗീസ് റിപ്പോർട്ടു വായിച്ചു. മ്യാലൻ ഫാ. തോമസ് സ്വാഗതവും എസ്. കെ. അടൂർ നന്ദിയും പറഞ്ഞു.

ഏററവും നല്ല സ്കൂൾ, കേന്ദ്ര കവർ കളക്ഷനിൽ ഒന്നാം സ്ഥാനം, OVBS ഒന്നാം സ്ഥാനം എന്നിവയ്ക്കുള്ള എവർറോളിഗ് കപ്പുകൾ വടവുകോടു സെൻറ് മേരീസിനു നൽകി. സഹപാഠ്യ മത്സരങ്ങളിൽ ഏററവും കൂടുതൽ പോയിൻറ് വാങ്ങിയ എം. ജി. എം. തലക്കോടിന് മൂലംകുഴിയിൽ എവർറോളിംഗ് കപ്പും സമ്മാനിച്ചു.

1987–88 ലെ അദ്ധ്യാപകർക്കുള്ള അവാർഡിൽ വെട്ടിക്കൽ ദയറായിൽ കെ. സി. വർഗ്ഗീസിന് വെരിഗുഡ് സർവീസും, വടയാമ്പു ശ്രീ. സി. വി. പൗലൂസിന് 'ബസ്ററ് അദ്ധ്യാപകനും' കനായിക്കോട് ജോർജിന് ഗുഡ് സർവീസ്', മുളന്തുരുത്തി ററി. ജേക്കബിന് ഗുഡ് ലീഡറും സ്ഥാനങ്ങൾ നൽകി ബഹുമാനിച്ചു.

## പ്രതിമാസ ധ്യാനയോഗം

ചെങ്ങന്നൂർ ഭദ്രാസനത്തിലെ ആഭ്യന്തര സുവിശേഷ സംഘത്തിൻെറ ആഭിമുഖ്യത്തിൽ എല്ലാ മാസവും മൂന്നാം ശനിയാഴ്ചകളിൽ ഭദ്രാസനതലത്തിൽ നടത്തപ്പെടുന്ന പ്രതിമാസ ധ്യാനയോഗത്തിൻെറ ഉൽഘാടനം തോമസ് മാർ അത്താനാസ്യോസ് തിരുമേനി നിർവഹിച്ചു. ജനുവരി–21–ാം തീയതി ആറാട്ടുപുഴ സെ. മേരീസ് പള്ളിയിൽ വെച്ച് 9 മുതൽ 3 മണിവരെ നടത്തപ്പെട്ട യോഗങ്ങളായിരുന്നു ആദ്യത്തേത്. പുത്തൻകാവ് ഡിസ്ററിക്ടിലെ വൈദികർ, ആഭ്യന്തര സുവിശേഷസംഘം വൈസ് പ്രസിഡൻെറ് പോൾ സിനിരാജ് മുഹമ്മദ് എന്നിവർ നേതൃത്വം നല്കി- ഫെബ്രുവരി 18–ാം തീയതി പേരിശ്ശേരി സെ. മേരീസ് പള്ളിയിലും, മാർച്ച് 18–ാം തീയതി മാന്തുക സെ. തോമസ് പള്ളിയിലും ധ്യാനയോഗങ്ങൾ ഉണ്ടായിരിക്കും.



## പൗലോസ് മാർ ഗ്രീഗോറിയോസ് പ്രസിഡൻറ്

കോട്ടയം: ഇൻഡ്യൻ ഫിലോസഫിക്കൽ കോൺഗ്രസിൻെറ 1990–ലെ ജനറൽ പ്രസിഡൻറായി ഡൽഹി ഭദ്രാസനാധിപനും, വൈദീക സെമിനാരി പ്രിൻസിപ്പലുമായ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ തെരഞ്ഞെടുത്തു. ഇൻഡ്യയിലെ മുന്നൂറോളം ഫിലോസഫി പ്രൊഫസർമാരും ദാർശനിക ഗ്രന്ഥകാരന്മാരും ഉൾക്കൊള്ളുന്ന ഈ ദർശനിക കോൺഗ്രസിൻെറ 63 വർഷത്തെ ചരിത്രത്തിൽ ഒരു ക്രൈസ്തവ ദാർശനികൻ പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെടുന്നത് ഇതാദ്യമാണ്. ഭാരതീയ പാശ്ചാത്യ ദർശനങ്ങളെ ആധികാരികമായി കൈകാര്യം ചെയ്യാൻ കഴിവുള്ള പ്രമുഖ ദർശനികൻ കൂടിയായ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ സഭകളുടെ ലോകകൗൺസിൽ പ്രസിഡൻറാണ്.



കുന്നംകുളം ഭദ്രാസനാധിപൻ പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്ത ആർത്താറ്റ് സെന്റ് മേരീസ് പള്ളിയിൽ പീറ്റർ ചെറുവത്തൂർ കോർ എപ്പിസ്കോപ്പായ്ക്ക് കൈമാറിയ പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ചരമരജത ജൂബിലി ആഘോഷങ്ങൾക്കുള്ള ദീപശിഖ ജാഥാ ക്യാപ്റ്റൻ ടി. സി. ഗീവർ ഏറ്റുവാങ്ങുന്നു.

## ഒന്നാം ചരമവാർഷികം
9-2-1989



റവ. ഫാ. ജോർജ് കളീക്കൽ

Inserted by
The Sorrowing family

## ഒന്നാം ചരമവാർഷികം
13-1-1989



കിഴക്കേ വട്ടപ്പറമ്പിൽ ചരിവുകാലായിൽ വെരി. റവ. സി. സി. ഗീവറുഗീസ് കോർ എപ്പിസ്ക്കോപ്പായുടെ ഒന്നാം ചരമവാർഷികം അഭിവന്ദ്യ പക്കോമിയോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിലും മറ്റു വൈദികരുടെ സാന്നിദ്ധ്യത്തിലും 13-1-89 വെള്ളിയാഴ്ച കീക്കൊഴൂർ സെ. പീറ്റേഴ്സ് ആൻഡ് സെ. പോൾസ് ഓർത്തഡോക്സ് പള്ളിയിൽ സമുചിതമായി കൊണ്ടാടി.

**Miss. Salija Oommen**
Batra Hospital, New Delhi



D/o Mr. M. O. Oommen (Bhilai)
Panackamattam, Niranam
Died on 13-10-1988



## രണ്ടാം റാങ്ക് നേടി



1988 നവംബറിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി നടത്തിയ ബി. ഡി. എസ്. പരീക്ഷയിൽ രണ്ടാം റാങ്കു നേടിയ അട്ടച്ചാക്കൽ മാർ പീലക്സീനോസ് ഓർത്തഡോക്സ് ഇടവകാംഗവും, അട്ടച്ചാക്കൽ സെ. ജോർജ് ഹൈസ്കൂൾ അദ്ധ്യാപകൻ ശാന്തിഭവനിൽ കെ. റ്റി. തോമസിന്റെ പുത്രനുമായ ഡോ. ബിജു തോമസ്.

## സാലമ്മ കുര്യൻ



മർത്തമറിയം വനിതാസമാജത്തിന്റെ സുൽത്താൻബത്തേരി ഭദ്രാസന സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട സാലമ്മ കുര്യൻ കുമ്പുക്കാട്ട് M. A B. Lib. Sc.

കുമ്പഴ-കുമ്പുക്കാട്ട് ഡോ. കെ. ടി. കുര്യന്റെ പത്നിയായ സാലമ്മ കുര്യൻ ബത്തേരി സെ. മേരീസ് കോളജിലെ ഫസ്റ്റ് ഗ്രേഡ് ലൈബ്രേറിയനാണ്.

## ശ്രാദ്ധപെരുനാൾ

കൊച്ചി ഭദ്രാസനത്തിന്റെ സഹായമെത്രാപ്പോലീത്തായായിരുന്ന യാക്കൂബ് മാർ പോളിക്കർപ്പോസ് തിരുമേനിയുടെ രണ്ടാം ശ്രാദ്ധപ്പെരുനാൾ തിരുമേനി കബറടങ്ങിയിരിക്കുന്ന ഭദ്രാസനാസ്ഥാനമായ കൊരട്ടി സീയോൻ സെമിനാരിയിൽ ഡിസംബർ 26,27 (തിങ്കൾ, ചൊവ്വ) എന്നീ തീയതികളിൽ ആചരിച്ചു. 26-ാം തീയതി തിങ്കളാഴ്ച യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ പ്രധാനകാർമ്മികത്വത്തിൽ നടന്ന ആരാധന മദ്ധ്യേ ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ അനുസ്മരണ പ്രസംഗം ചെയ്തു. ചൊവ്വാഴ്ച രാവിലെ പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ വി. കുർബാന അർപ്പിച്ചു. കണ്ടനാട് ഭദ്രാസനാധിപൻ ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ പ്രസംഗിച്ചു. പുനർനിർമ്മാണത്തിലിരിക്കുന്ന സെമിനാരി ചാപ്പലിന്റെയും, പോളിക്കാർപ്പോസ് മെത്രാപ്പോലീത്തായുടെ കബർ നിർമ്മാണത്തിന്റെയും പ്രവർത്തനറിപ്പോർട്ട് സമർപ്പിച്ചുകൊണ്ട് ഭദ്രാസന അഡ്മിനിസ്ട്രേറ്റർ ഫാ. ജോസഫ് വെണ്ടറപ്പള്ളി രണ്ടു നിർമ്മാണവും പൂർത്തിയാക്കുവാൻ സഹായം അഭ്യർത്ഥിച്ചു. ഭദ്രാസന സെക്രട്ടറി ഫാ. തോമസ് പൊന്നാംകുഴി നന്ദി പ്രകാശിപ്പിച്ചു.

## കൺവൻഷൻ

ആർത്താറ്റ് കുന്നംകുളം മഹാഇടവകയിലെ എം. ജി. എം. സുവിശേഷ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ജനുവരി 25 മുതൽ 29 വരെ കൺവൻഷൻ നടത്തി. പൗലൂസ് മാർ മിലിത്തിയോസ് എപ്പിസ്ക്കോപ്പ, വ. ദി. ശ്രീ. സിറിയക് റമ്പാൻ, ഫാ. ജോൺ ശങ്കരത്തിൽ, പ്രൊഫ. സിനിരാജ് മുഹമ്മദ് എന്നിവർ വിവിധ ദിവസങ്ങളിൽ പ്രസംഗിച്ചു.

കവിയൂർ: സ്ലീബാപള്ളിയിലെ കൺവൻഷൻ ജനുവരി 22 മുതൽ 26 വരെ നടത്തി. പീലിപ്പോസ് മാർ യൗസേബിയോസ് എപ്പിസ്കോപ്പാ, ഫാ. ജോൺ ശങ്കരത്തിൽ, ഫാ. മത്തായി. ഒ. ഐ. സി, ഫാദർ ഫിലിപ്പ് മാത്യു എന്നിവർ പ്രസംഗിച്ചു.

മീനടം: സെന്റ് തോമസ് വലിയപള്ളിയിലെ കൺവൻഷൻ ജനുവരി 17 മുതൽ 21 വരെ നടത്തി, മാത്യൂസ് മാർ എപ്പിപ്പാനിയോസ് എപ്പിസ്ക്കോപ്പാ, ഫാ. ജേക്കബ് വർഗ്ഗീസ്, ഫാ. എം. കെ. ഫിലിപ്പ്, ഫാ. ജോൺ ശങ്കരത്തിൽ, ഫാ. മാത്യു മത്യു എന്നിവർ സുവിശേഷ പ്രസംഗങ്ങൾ നടത്തി.

## മുപ്പതാം ചരമവാർഷികം

കോയമ്പത്തൂർ: തടാകം ക്രിസ്തു ശിഷ്യാശ്രമം സ്ഥാപകനും ഉത്തമ ദൈവഭക്തനും ആയിരുന്ന ബിഷപ്പ് പെക്കൻഹാം വാൽഷ് തിരുമനസ്സിലെ 30–ാം ചരമവാർഷികം ജനുവരി 14,15 തീയതികളിൽ സി. എസ്. ആശ്രമത്തിൽ ആചരിച്ചു. 14–ാം തീയതി ശനിയാഴ്ച നടന്ന ധ്യാനയോഗത്തിന് അഭി. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി നേതൃത്വം നൽകി.

'ആരും കണ്ടില്ല. ഉണർന്നില്ല. അവർ എല്ലാവരും ഉറങ്ങുക ആയിരുന്നു' 1 ശമു. 26:12 എന്ന വാക്യം അടിസ്ഥാനമാക്കി തിരുമേനി പ്രസംഗിച്ചു. രോഗവും. വിശപ്പും, ദാരിദ്ര്യവും മൂലം അവശത അനുഭവിക്കുന്നവർക്കുവേണ്ടി ഉണർന്നു പ്രവർത്തിക്കേണ്ടത് സഭയുടെ ചുമതലയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഉത്തമ ക്രൈസ്തവന്റെ ജീവിതശൈലി എപ്രകാരം ആയിരിക്കണമെന്ന് ബിഷപ്പ് വാൽഷിന്റെ മാതൃകാപരമായ ജീവിതത്തെ ഓർമ്മിച്ചുകൊണ്ട് ഉച്ചയ്ക്കുശേഷമുള്ള യോഗത്തിൽ അദ്ദേഹം പ്രസംഗിച്ചു.

15–ാം തീയതി ഞായറാഴ്ച ആശ്രമാചാര്യ ഫാ. എ. കെ. ജേക്കബ് വി. കുർബാന അനുഷ്ഠിച്ചു. തുടർന്നു നടന്ന അനുസ്മരണാസമ്മേളനത്തിൽ ഫാ. എ.. കെ. ജേക്കബ് അദ്ധ്യക്ഷ്യം വഹിച്ചു. മിസ്സസ് ഡോറാ ഡേവിഡ്, ജോയൻ കുമരകം, അലക്സാണ്ടർ തോപ്പിൽ എന്നിവർ ബിഷപ്പ് വാൽഷിന്റെ ജീവിതസന്ദേശത്തെ ആധാരമാക്കി പ്രസംഗിച്ചു.

## പ്രതിമാസ ധ്യാനയോഗം

ചെങ്ങന്നൂർ: ഇടവകകളിലും ദേശത്തും ഉണ്ടായിക്കൊണ്ടിരിക്കുന്ന അസമാധാനത്തിനും കലഹത്തിനും മററു പലതരം കഷ്ടങ്ങൾക്കുമെതിരെ ക്രിസ്തീയജീവിതത്തിൽ ഉപവാസവും പ്രാർത്ഥനയും ആവശ്യമാണെന്ന് ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്തനാസ്യോസ് തിരുമേനി പ്രസ്താവിച്ചിരിക്കുന്നു ചെങ്ങന്നൂർ ഭദ്രാസനത്തിലെ വിവിധ ഡിസ്ട്രിക്ട് അടിസ്ഥാനത്തിലുള്ള ഏതെങ്കിലും പള്ളിയിൽ വെച്ച് എല്ലാ മാസവും മൂന്നാം ശനിയാഴ്ച പകൽ 9 മണി മുതൽ 3 വരെ ഉപവാസ ധ്യാനയോഗങ്ങൾ നടത്തുന്നതു സംബന്ധിച്ച് ഭദ്രാസനത്തിലെ വിവിധ പള്ളികൾക്കായി പുറപ്പെടുവിച്ച 14/88–ാം നമ്പർ കല്പനയിലാണ് ഇപ്രകാരം പറഞ്ഞിട്ടുള്ളത്.

ഉപവാസത്താലും പ്രാർത്ഥനയാലും അല്ലാതെ ഈ ജാതി ഒഴിഞ്ഞുപോകയില്ല എന്നു മനസ്സിലാക്കിയാണ് നമ്മുടെ പിതാക്കന്മാർ സാത്താനെ ജയിക്കാനുള്ള പ്രധാന ആയുധമായി ഉപവാസത്തെയും പ്രാർത്ഥനയേയും കണ്ടിരുന്നത്. ആകയാൽ എല്ലാ വിശ്വാസികളും മാസത്തിലെ ഒരു ദിവസമെങ്കിലും ഉപവാസ ധ്യാനത്തിനുവേണ്ടി മാററിവയ്ക്കണമെന്ന് തിരുമേനി ഓർമ്മിപ്പിച്ചു.

കഴിഞ്ഞ ആഗസ്ററ് 4, 5, 6 തീയതികളിൽ ഉമയാററുകര സെ. തോമസ് പള്ളിയിൽ നടത്തപ്പെട്ട ത്രിദിന ധ്യാനയോഗങ്ങളിൽ ഭദ്രാസനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ധാരാളം പേർ വന്നു സംബന്ധിക്കുകയുണ്ടായെന്നും അതനുസരിച്ച് ഭദ്രാസനത്തിന്റെ വിവിധ ഭാഗങ്ങളിൽവെച്ച് മാസത്തിൽ ഒരു ദിവസമെങ്കിലും ഉപവാസ ധ്യാനയോഗം നടത്തണമെന്നുള്ള ആശയം ഉരുത്തിരിഞ്ഞതിന്റെ വെളിച്ചത്തിലാണ് മാസത്തിലെ മൂന്നാം ശനിയാഴ്ചകളിൽ ഇപ്രകാരം ധ്യാനയോഗം ക്രമീകരിക്കുന്നതെന്ന് കല്പനയിൽ എടുത്തു പറയുന്നു.

### മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



ചെറിയാൻ തോമസും, കുടുംബവും.



ധ്യാനയോഗങ്ങൾക്ക് തിരുമേനിയെകൂടാതെ ശ്രീ. പോൾ സിനിരാജ് മുഹമ്മദും, ഡിസ്ട്രിക്ടിലെ വൈദികരും നേതൃത്വം നൽകും. ജനുവരി 21–ാം തീയതി പുത്തൻകാവ് ഡിസ്ട്രിക്ടിലെ ആറാട്ടുപുഴ സെ. മേരീസ് പള്ളിയിൽ വച്ചു നടന്നു. ഫെബ്രുവരി 18–ാം തീയതി ചെങ്ങന്നൂർ ഡിസ്ട്രിക്ടിലെ പേരിശ്ശേരി സെ. മേരീസ് പള്ളിയിലും, മാർച്ച് 18–ാം തീയതി പന്തളം ഡിസ്ട്രിക്ടിലെ മാന്തുക സെ. തോമസ് പള്ളിയിലും ധ്യാനയോഗങ്ങൾ ഉണ്ടായിരിക്കും.

## നിര്യാതനായി


തുമ്പമൺ ഭദ്രാസനത്തിലും തുടർന്ന് ഭദ്രാസനവിഭജനത്തിനുശേഷം ചെങ്ങന്നൂർ ഭദ്രാസനത്തിലും ദീർഘകാലം സുവിശേഷകനായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചുകൊണ്ടിരുന്ന പേരിശ്ശേരി ചിറമേൽ ജോർജ് കേശി (70) നിര്യാതനായി. ശവസംസ്കാരം 30–11–88–ൽ ചെങ്ങന്നൂർ പഴയ സുറിയാനി പള്ളി സെമിത്തേരിയിൽ മാർ യൗസേബിയോസ്, മാർ ഈവാനിയോസ് എന്നീ തിരുമേനിമാരുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെട്ടു. പരേതന്റെ സഹധർമ്മിണി ശ്രീമതി പൊന്നമ്മ ജോർജ് ഇപ്പോഴും ചെങ്ങന്നൂർ ഡി. മർത്തമറിയം സമാജം ഓർഗനൈസറാണ്.


ALLIANCE INVITED

Kerala Orthodox Christian family well established in Bombay, invite Alliance for their Daughter 21/152 Commerce graduate pretty smart and God fearing having own flat in Bombay with business partnership in family concern from wellqualified boys. Contact Box No. 143 Malankara Sabha Devalokam, Kottayam–38


## വൈദിക ഡയറക്ടറി

മലങ്കര ഓർത്തഡോക്സ് വൈദികസംഘത്തിന്റെ ആഭിമുഖ്യത്തിൽ കാലംചെയ്ത മേൽപ്പട്ടക്കാരുടെയും, പട്ടക്കാരുടെയും, ശെമ്മാശന്മാരുടെയും ഇപ്പോഴുള്ള പുരോഹിതന്മാരുടെയും സെമിനാരി വിദ്യാർത്ഥികളുടെയും ഫോട്ടോകളും പൂർണ്ണ വിവരങ്ങളും ഉൾക്കൊള്ളുന്ന ഒരു വൈദിക ഡയറക്ടറി പ്രസിദ്ധീകരിക്കുന്ന വിവരം മലങ്കരസഭാ മാസികയിൽ പ്രസിദ്ധപ്പെടുത്തിയിരുന്നല്ലോ. 1989 മെയ് 23, 24, 25 തീയതികളിൽ പരുമലവച്ചു നടക്കുന്ന വൈദികസംഘം വാർഷികത്തോടനുബന്ധിച്ച് പ്രസ്തുത ഡയറക്ടറിയുടെ പ്രകാശനകർമ്മം നിർവ്വഹിക്കപ്പെടുന്നതാണ്.



ഭക്ത്യാദരവുകളോടെ രാജുവും കുടുംബവും, കൊരട്ടി.

ഈ പ്രസിദ്ധീകരണത്തിൽ സാമ്പത്തികമായി സഹായിക്കുവാൻ സന്മനസ്സുള്ള പള്ളികൾ, ആശ്രമങ്ങൾ, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ ഫോട്ടോകളും പൂർണ്ണ വിവരങ്ങളും ഉൾപ്പെടുത്തുന്നതിന് ഒരു പേജിന് 1000 രൂപാ, അര പേജിന് 500 രൂപാ എന്ന നിരക്കിൽ സ്വീകരിച്ചുവരുന്നു. ഈയിനത്തിൽ ഇതിനോടകം ഏകദേശം 50000 രൂപാ ലഭിച്ചു. ഇനിയും 50000 രൂപാ കൂടി വേണ്ടിയിരിക്കുന്നു.

ഇതുവരെ ഡയറക്ടറി പ്രസിദ്ധീകരണത്തിൽ സഹകരിച്ചിട്ടില്ലാത്ത പള്ളികളും ആശ്രമങ്ങളും സ്ഥാപനങ്ങളും ഈ സംരംഭത്തിൽ പങ്കുകൊണ്ട് വിജയിപ്പിക്കണമെന്ന് അപേക്ഷിക്കുന്നു. ഇപ്പോൾ സേവനമനുഷ്ഠിക്കുന്നവരും വാങ്ങിപ്പോയവരുമായ വൈദികരുടെ പാസ്പോർട്ട് സൈസ് ഫോട്ടോയും ചുരുങ്ങിയ വിവരങ്ങളും ഡയറക്ടറിയിൽ ചേർക്കുന്നതാണ്. അതിനു പുറമെ ഒരു പേജിലോ അര പേജിലോ ബ. വൈദികരുടെ ഫോട്ടോയും കൂടുതൽ വിവരങ്ങളും ചേർക്കുവാൻ ആഗ്രഹിക്കുന്നവർ മേൽക്കാണിച്ചിട്ടുള്ള നിരക്കനുസരിച്ചുള്ള രൂപയും വിവരങ്ങളും എത്രയുംവേഗം അയച്ചുതരണം.

ഫാ. ഡോ. എം. എ. മത്തായി
വൈദികസംഘം സെക്രട്ടറി
ഓർത്തഡോക്സ് സെമിനാരി,
പി. ബി. 98, കോട്ടയം 686 001

# I. O. M. F. കുവേററ് – പ്രസ്താവന

മലങ്കര ഓർത്തഡോക്സ് സഭയുടെ കുവേററ് ഇടവകയിൽ പ്രവർത്തിക്കുന്ന ഇൻഡ്യൻ ഓർത്ത
ഡോക്സ് മേഴ്സി ഫെലോഷിപ്പ്, (I. O. M. F.) കുവേററ്, പ്രസ്തുത ഇടവകയിലെ ഐകരൂപ്പ്യ
ചിന്താഗതിക്കാരും സാധുസേവനമനസ്കരുമായ ഏതാനും അംഗങ്ങൾചേർന്ന് 1973–ൽ രൂപം
കൊടുത്ത ഒരു ജീവകാരുണ്യ സംഘടനയാണ്. അശരണരും അഗതികളും വിധവകളും രോഗിക
ളുമായ കുറെ സഹോദരീസഹോദരങ്ങളുടെയെങ്കിലും കണ്ണുനീർ തുടയ്ക്കുവാൻ സാധിച്ചില്ലെങ്കിൽ
ക്രിസ്തീയ ജീവിതം അനർത്ഥമാണ് എന്നുള്ള മഹത്തായ ആദർശമാണ് ഈ സംഘടനയുടെ ആ
ത്മീയ പ്രചോദനം. ഇതിന്റെ താങ്ങും തണലുമോ–സർവ്വശക്തനായ ദൈവത്തിന്റെ വൻകൃപ
യും, ശുദ്ധിമതിയായ കന്യകമറിയാമമ്മയുടേയും ഇൻഡ്യയുടെ കാവൽപിതാവായ പരിശുദ്ധനാ
യ മാർ തോമ്മാശ്ളീഹായുടേയും മലങ്കരയുടെ പരിശുദ്ധ പിതാവായ പരുമലതിരുമേനിയുടെയും
ഭാഗ്യസ്മരണാർഹനായ പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവായുടേയും മററും മദ്ധ്യസ്ഥ
പ്രാർത്ഥനകൾ മാത്രമാണ്.

പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ചരമരജതജൂബിലി വേളയിൽ, I O M F
കുവേററിന്റെ പരിമിതമായ കഴിവിൽനിന്നും മേല്പറഞ്ഞ രീതിയിൽ അർഹിക്കുന്നവർക്ക് ധനസ
ഹായം നൽകുവാൻ നിശ്ചയിച്ചിരിക്കുന്ന വിവരം ഇതിനാൽ പരസ്യപ്പെടുത്തുന്നു. അപേക്ഷകൾ
അയയ്ക്കുമ്പോൾ താഴെ കുറിക്കുന്ന എല്ലാ വിവരങ്ങളും ശരിയായി കാണിച്ചിട്ടില്ലെങ്കിൽ, പരി
ഗണിക്കൻ പ്രയാസമാണെന്നുള്ള വിവരവും അറിയിക്കുന്നു.

## അപേക്ഷയിൽ കാണിച്ചിരിക്കേണ്ടുന്ന വിവരങ്ങളുടെ വിശദീകരണം:–

1. അപേക്ഷകന്റെ പേരും പൂർണ്ണവിലാസവും.
2. അപേക്ഷകന്റെ വയസ്
3. അപേക്ഷകന്റെ തൊഴിൽ
4. അപേക്ഷകന്റെ പ്രതിമാസവരവ്
5. അപേക്ഷകന്റെ മതം
6. അപേക്ഷകന്റെ ജാതി
7. കുടുംബാശ്രിതരുടെ ഓരോരുത്തരുടേയും വിശദവിവരങ്ങൾ:– അതായത്: ഓരോരുത്തരു
ടേയും പേര്, വയസ്, ബന്ധം, തൊഴിൽ, പ്രതിമാസവരുമാനം
8. അപേക്ഷകന്റെ സ്ഥാവരജംഗമ വസ്തുവിവരങ്ങൾ
9. കുടുംബത്തിലെ മററു വരുമാനങ്ങൾ
10. ധനസഹായാഭ്യർത്ഥനക്കുള്ള ഉദ്ദേശം:– അതായത്:–രോഗം/വിദ്യാഭ്യാസം/വിവാഹം/
ഉപജീവനാർത്ഥം തൊഴിൽ (മാടക്കട, ഉന്തുവണ്ടി, കറവപ്പശു, തയ്യൽമിഷ്യൻ മുതലായവ)/മററ്
ആവശ്യങ്ങൾ
11. സാമ്പത്തികധനസഹായാഭ്യർത്ഥനയ്ക്കുള്ള വിശദവിവരങ്ങൾ
12. അതാതു സ്ഥലത്തെ ഓർത്തഡോക്സ് ഇടവകാമാനേജിംഗ് കമ്മററിയുടേയും വികാരിയു
ടേയും കൂടാതെ രോഗിയെങ്കിൽ ഡോക്ടറുടേയും വിദ്യാർത്ഥിയെങ്കിൽ പ്രധാനാദ്ധ്യാപകന്റെ
യും ഉൾപ്പെടെയുള്ള സർട്ടിഫിക്കേററുകൾ അയച്ചിരിക്കണം.

Secretary I. O. M. F. KUWAIT

NOTE:– അപേക്ഷകൾ അയച്ചിരിക്കേണ്ടത്:–

To:– I. O. M, F. C/O Father T. G. Zacharia, Manager–Malankara Sabha,
Kottayam–38, Kerala



# ബൈബിൾ പഠനം

(രണ്ടാം ഭാഗം)

ഡീ. എം. സി. ചെറിയാൻ

## പാഠം 1

### ബൈബിളിലെ പുസ്തകങ്ങൾ

(പുതിയ നിയമം)

പ്രവേശനഫാറം

പേര് ..........................................

വിലാസം..........................................

മേദാസനം ..........................................

രജി: നമ്പർ ....................

### ബൈബിളിലെ പുസ്തകങ്ങൾ

(പുതിയനിയമം i)

1. ഗ്രീക്കു തുറമുഖത്തുനിന്ന് എഴുതിയ പുസ്തകം.
2. ജറുസലേമിന്റെ പട്ടണക്കാർക്ക് എഴുതിയ പുസ്തകം.
3. വനിതയ്ക്ക് എഴുതിയ എഴുത്ത്.
4. ക്രേത്തയിലെ സുഹൃത്തിനെഴുതിയ എഴുത്ത്.
5. അനാഥ ലേഖനം
6. ഹാനോക്കിന്റെ പ്രസംഗം രേഖപ്പെടുത്തിയ പുസ്തകം.
7. 7 സഭകളെപ്പററി പറയുന്ന പുസ്തകം.
8. മോശയുടെ ശരീരത്തെപ്പററി തർക്കിച്ചതായി പറയുന്ന പുസ്തകം.
9. വ്യക്തിക്കെഴുതിയ സാർവത്രിക ലേഖനം.
10. കനിവുള്ള ലേഖനം.
11. യേശുക്രിസ്തു 'കാര്യസ്ഥൻ' എന്നു പറയുന്ന പുസ്തകം.
12. മൂപ്പരാനെപ്പററി പറയുന്ന പുസ്തകം.
13. മറുരൂപത്തെപ്പററി പറയുന്ന പുസ്തകം.
14. നോഹയെ 'നീതിപ്രസംഗി' എന്നു വിളിക്കുന്ന പുസ്തകം.
15. കഴുതയുടെ സംസാരത്തെ പരാമർശിക്കുന്ന പുസ്തകം.
16. പൗലോസിനെപ്പററി പറയുന്ന സാർവത്രീക ലേഖനം.
17. പരദേശികൾക്കുള്ള പുസ്തകം.
18. കർത്താവു മരിച്ചവരോടു സുവിശേഷം അറിയിച്ചതായി പറയുന്ന പുസ്തകം.
19. മർക്കോസ് വന്ദനം ചൊല്ലുന്ന പുസ്തകം.
20. തൈലാഭിഷേകത്തെപ്പററി പറയുന്ന പുസ്തകം.

ബൈബിൾ സമ്പർക്ക പദ്ധതിയിലെ ഒരു ഭാഗം മാത്രമാണ് ബൈബിൾ പഠനം. വായിക്കുന്ന ഭാഗത്തുനിന്നും കൂടുതൽ ചോദ്യം ഉണ്ടാക്കുന്നത് പ്രസ്തുത ഭാഗം ഭംഗിയായി പഠിക്കുവാൻ സാധിക്കും. അതോടൊപ്പം ബൈബിൾ പഠനത്തിൽ ഉത്തരം അയയ്ക്കുവാനും ദിവസവും വായിക്കുന്ന ഭാഗത്തുനിന്ന് ഏതാനും ചോദ്യങ്ങൾ കൂടെ കണ്ടുപിടിക്കുക.

ബൈബിൾ സമ്പർക്ക പദ്ധതിയിലെ രണ്ടാം ഭാഗമാണ് പുസ്തകങ്ങളുടെ പേരു പഠിക്കുക. നിർദ്ദേശിക്കുന്ന ഭാഗം വേഗത്തിൽ എടുക്കുക. 66 പുസ്തകങ്ങൾ ഉള്ള മലയാളം വേദപുസ്തകമാണ് നാം ഉപയോഗിക്കുന്നത്. ആദ്യം 66 പുസ്തകങ്ങളുടെ പേരു പഠിക്കുക. തുടർന്ന് ബൈബിളിന്റെ സഹായം കൂടാതെ നിർദ്ദേശിക്കുന്ന പുസ്തകങ്ങളുടെ അയൽക്കാർ ആരെന്നു കണ്ടുപിടിക്കുക 1) നെഹമ്യാവ്, 2) യോന, 3) എസ്ഥേർ, 4) വിലാപങ്ങൾ, 5) ദാനിയേൽ ഈ പുസ്തകങ്ങളുടെ മുൻപും പിൻപുമുള്ള പുസ്തകങ്ങൾ ഉത്തരം കണ്ടുപിടിച്ചതിനുശേഷം ശരിയോ എന്നു വേദപുസ്തകം നോക്കി മനസ്സിലാക്കുക.

നിർദ്ദേശിക്കുന്ന ഭാഗം വേഗത്തിൽ എടുക്കുക യോന 1:8, മലാഖി 3;6, എസ്ഥേർ 6:4, സഭാപ്രസംഗി 6:8 ആവർത്തനം 32:4, രൂത്ത് 4:4, 2 ദിന 20:10, ദാനിയേൽ 4:4, ഓബ 8, യെശ 40;10 സമയം നോക്കുവാൻ ഒരു വാച്ച് ക്ലോക്ക് ഇവ ഉപയോഗിക്കുക. 10 വാക്യങ്ങളും എടുക്കാൻ എത്ര സമയം വേണം. ആ സമയം

കുറിച്ചിടുക. അടുത്ത ദിവസം നിങ്ങൾതന്നെ വേറെ 10 വാക്യം കുറിച്ചിടുക. തുടർന്ന് സമയം നോക്കി വാക്യം ഏതെന്ന് കണ്ടുപിടിക്കുക. ഇതേ രീതി തുടർന്നാൽ നിർദ്ദേശിക്കുന്ന ഭാഗം വേഗം കണ്ടുപിടിക്കുവാനും ആ വാക്യങ്ങൾ ഓർക്കുവാനും സഹായിക്കും. ചിലപ്പോൾ ചില പ്രത്യേക വാക്യങ്ങൾ അതു മന:പാഠമാക്കുക.

വേദപുസ്തകം തുടർച്ചയായി വായിച്ച് വാക്യം കണ്ടുപിടിച്ചുകഴിയുമ്പോൾ മാത്രമെ 'വേദപുസ്തകത്തിൽ ഉണ്ടോ' എന്ന ചോദ്യത്തിന് ഉത്തരം കൊടുക്കുവാൻ സാധിക്കയുള്ളു. ആ പഠനം പിന്നീട് തുടരാം. ചോദ്യത്തിന്റെ ഉത്തരം അയയ്ക്കുന്നതിനോടൊപ്പം തന്നിരിക്കുന്ന Home work ചെയ്യുക. തുടർന്നും.

പാഠം 1–ന്റെ ഉത്തരം ഫെബ്രുവരി 20–നു മുമ്പായി Bible Padanam Lesson 1, C/o Dn. M.C. Cherian, Orthodox Student Centre, Trivandrum–695001 എന്ന വിലാസത്തിൽ അയയ്ക്കുക.

## ഇവരെ പരിചയപ്പെടുക

### 1. 'The To Remain' Bible

1805–ൽ ബൈബിളിന്റെ പ്രൂഫ് നോക്കുന്ന അവസരത്തിൽ ഇന്ന 'കോമ' അവിടെ ചേർക്കണമോ എന്നു ചോദിച്ചു. ഉത്തരം കിട്ടിയത് To Remain. ബൈബിൾ അച്ചടിച്ചുവന്നപ്പോൾ To Remain എന്നുകൂടെ കൂട്ടിച്ചേർത്തിരുന്നു. ഗലാത്യലേഖനം 4:29–ൽ ഈ അതിഥി കൂടിപ്പാർത്തിരിക്കുന്നു! But as then he ...... born after the Spirit 'to remain', even so it is now.

### 2. The Wicked Bible

1631–ൽ ബൈബിൾ അച്ചടിച്ചപ്പോൾ 10 കല്പനകളിൽ ഒന്നിന് (Not) അരുത് എന്നു ചേർക്കുവാൻ വിട്ടുപോയി. പുറ 20:14 'Thou shall commit Adultery' എന്നായി.

### 3. The Vinegar Bible

1717–ൽ ലൂക്കോസ് 20–ൽ മുന്തിരിത്തോട്ടത്തിന്റെ ഉപമ എന്നതിനു പകരം 'The Parable of the Vinegar' എന്നായി.

### 4. The Printer Bible

1702–ൽ സങ്കീർത്തനം 119:161 പ്രഭുക്കന്മാർ (Princes) എന്നതിനു പകരം Printers എന്നാണ് അച്ചടിച്ചത്.

### 5. The Ears to Ear Bible

1810–ൽ മത്തായി 13:14. ചെവിയുള്ളവൻ കേൾക്കട്ടെ who hath ears to hear എന്നതിനു പകരം ears to ear എന്നായി.

### 6. The Murderers Bible

1801–ൽ യൂദാ 16–ാം വാക്യം പിറുപിറുപ്പ് (Murmurers) എന്നത് Murderers എന്നായി.

### 7. The Wife-Hater Bible

1810: ലൂക്കോ 14:26 (ജീവൻ) Life എന്നതിനുപകരം Wife എന്നായി. 'and his own life also' എന്നത് and his own wife also.

### 8. The Standing Fishes Bible

1806–ൽ യെശ. 47:10 (മീൻപിടിക്കാർ) 'Fishers' എന്നത് Fishes will stand upon it എന്നായി.

### 9. The Bug Bible

1551–ൽ സങ്കീ. 9:5. The terror by night എന്നതിനു പകരം bugs by night എന്നായി.

### 10. ലോകസ്ഥാപന വേദപുസ്തകം

ഇന്നു നമ്മൾ ഉപയോഗിക്കുന്ന 1971 ബൈബിൾ സൊസൈറ്റി വേദപുസ്തകം യോഹ. 17:24 പിതാവേ നീ ലോകസ്ഥാപനത്തിനുമുമ്പേ ....എന്നാണ്.

—o—

---

## മാരേട്ട് തോമസ് റമ്പാൻ

ഓതറ ദയറായുടെ മാനേജരായി ദീർഘകാലം അവിടെ താമസിച്ച് പ്രവർത്തിച്ചിരുന്ന മാരേട്ട് തോമസ് റമ്പാൻ അനാരോഗ്യംമൂലം സ്വന്തം ഭവനത്തിൽ താമസിച്ചുവരവെ ഇപ്പോൾ തോമസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ നിർദ്ദേശപ്രകാരം ഒരു മാസമായി തിരിച്ച് ഓതറ സെ. ജോർജ് ദയറായിൽ സ്ഥിരതാമസമാക്കിയിരിക്കുന്നു. അദ്ദേഹത്തിന് ഇപ്പോൾ 84 വയസ്സ് പ്രായമുണ്ട്.

## ഓതറ ദയറാ

ഓതറ സെ. ജോർജ് ദയറായുടെ മാനേജരായിരുന്ന ബർശ്ലോമ്മാ റമ്പാൻ (റവ. ഫാ. റ്റി. കെ. ഗീവർഗീസ്) ടി ചുമതല വിട്ട് ഓതറ ദയറയിൽ നിന്ന് താമസം മാററിയിരിക്കുന്നതിനാൽ ദയറായ്ക്കുവേണ്ടിയുള്ള കത്തുകളും സംഭാവനകളും മേലിൽ ബർസൌമോ റമ്പാൻ, സുപ്പീരിയർ, സെ. ജോർജ് ദയറാ, ഓതറ പി. ഒ. തിരുവല്ല, പത്തനംതിട്ട ജില്ല എന്ന പേരിൽ അയയ്ക്കേണ്ടതാണ് എന്ന് സുപ്പീരിയർ അറിയിക്കുന്നു.

—o—



ബസ്സേലിയോസ് കോളജ് രജതജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം പ. കാതോലിക്കാബാവാ നിർവ്വഹിക്കുന്നു.




പഴഞ്ഞി W. മാങ്ങാട്ട് മാർ ഗ്രീഗോറിയോസ് സണ്ടേസ്കൂളിന്റെ പ്ലാററിനം ജൂബിലി ആഘോഷങ്ങൾ കാതോലിക്കാബാവാ ഉദ്ഘാടനം ചെയ്യുന്നു.



**THE MALANKARA SABHA**

CATHOLICATE OFFICE, KOTTAYAM—686 038

പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ



പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ
ഓർമ്മദിനം ഫെബ്രുവരി 2

*Inserted by:*
C. Thomas & Family
Edondon, Canada

Printed and published by Rev. Fr. T. G. Zacharia
For Orthodox Viswasa Paripalana Samathy, Kottayam
at the Catholicate Press, Kottayam-38
Chief Editor: Rev. Dr. Jacob Kurian